199

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954

(1954-ലെ 37-ാം ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954

(1954-ലെ 37-ാം ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്ററ്, 1954

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. നിർവ്വചനങ്ങൾ.

2ക. അർത്ഥകല്പനയ്ക്കുള്ള ചട്ടം.

### ഭക്ഷ്യമാനകങ്ങൾക്കുള്ള കേന്ദ്ര കമ്മിററിയും കേന്ദ്ര ഭക്ഷ്യപരീക്ഷണശാലയും

3. ഭക്ഷ്യമാനകങ്ങൾക്കുള്ള കേന്ദ്ര കമ്മിററി.

3ക. സെക്രട്ടറിയുടേയും മററു സ്ററാഫിന്റേയും നിയമനം.

4. കേന്ദ്ര ഭക്ഷ്യപരീക്ഷണശാല.

### ഭക്ഷ്യം സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ.

5. ചില ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന്റെ നിരോധനം.
6. കടൽ കസ്ററംസ് സംബന്ധിച്ച നിയമത്തിന്റെ ബാധകതയും കസ്ററംസ് ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങളും.
7. ചില ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനം, വില്പന മുതലായവയുടെ നിരോധനം.

### ഭക്ഷ്യത്തിന്റെ വിശ്ലേഷണം

8. പബ്ലിക്ക് അനലിസ്ററുകൾ.
9. ഭക്ഷ്യ ഇൻസ്പെക്ററർമാർ.
10. ഭക്ഷ്യ ഇൻസ്പെക്ററർമാരുടെ അധികാരങ്ങൾ.
11. ഭക്ഷ്യ ഇൻസ്പെക്ററർമാർ അനുവർത്തിക്കേണ്ട നടപടിക്രമം.
12. ക്രേതാവിന് ഭക്ഷ്യം വിശ്ലേഷണം ചെയ്യിക്കാമെന്ന്.
13. പബ്ലിക്ക് അനലിസ്ററിന്റെ റിപ്പോർട്ട്.

### പലവക

14. നിർമ്മാതാക്കളും വിതരണക്കാരും വ്യാപാരികളും വാറന്റി നല്കണമെന്ന്.

14ക. ഭക്ഷ്യസാധനം ആരിൽനിന്നാണോ വാങ്ങിയത് അയാളുടെ പേര് മുതലായവ വിക്രേതാവ് വെളിപ്പെടുത്തണമെന്ന്.

15. ഭക്ഷ്യവിഷബാധ അറിയിക്കൽ.
16. ദണ്ഡനങ്ങൾ.

16ക. കേസുകൾ സമ്മറിയായി വിചാരണ ചെയ്യാൻ കോടതിക്കുള്ള അധികാരം.

17. കമ്പനികളാലുള്ള കുററങ്ങൾ.

18. വസ്തു കണ്ടുകെട്ടൽ.

19. ഈ ആക്ററിൻകീഴിലെ പ്രാസിക്യൂഷനിൽ അനുവദിക്കാവുന്നവയും അല്ലാത്തവയുമായ പ്രതിവാദങ്ങൾ.

20. കുററങ്ങൾ നടപടിക്കെടുക്കലും അവയുടെ വിചാരണയും.

20 ക. നിർമ്മാതാവ് മുതലായവരെ കക്ഷി ചേർക്കാൻ കോടതിക്കുള്ള അധികാരം.

20 കക. കുററക്കാരുടെ പ്രൊബേഷൻ ആക്ററ്, 1958-ൻേറയും ക്രിമിനൽ നടപടി നിയമസംഹിത 360-ാം വകുപ്പിൻേറയും ബാധകത.

21. വർദ്ധിപ്പിച്ച ദണ്ഡനങ്ങൾ ചുമത്താൻ മജിസ്ട്രേററിനുള്ള അധികാരം.

22. ഉത്തമവിശ്വാസപൂർവ്വം എടുക്കപ്പെടുന്ന നടപടിയുടെ സംരക്ഷണം.

22 ക. നിദേശങ്ങൾ നല്കാൻ കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.

23. ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.

24. ചട്ടങ്ങൾ ഉണ്ടാക്കാൻ സ്റേററ് ഗവൺമെൻറിനുള്ള അധികാരം.

25. റദ്ദാക്കലും ഒഴിവാക്കലും.

# ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954

(1954-ലെ 37-ാം നമ്പർ ആക്റ്റ്)

ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1954 സെപ്റ്റംബർ, 29]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന്, ഭക്ഷ്യത്തിൽ മായം ചേർക്കൽ തടയൽ ആക്റ്റ്, 1954 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(i) "മായം ചേർക്കുന്ന വസ്തു" എന്നാൽ, മായം ചേർക്കലിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ, ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും വസ്തു എന്നർത്ഥമാകുന്നു.

(i ക) "മായം ചേർത്ത", ഒരു ഭക്ഷ്യസാധനം താഴെ പറയുന്ന സംഗതികളിൽ മായം ചേർത്തതായി കരുതപ്പെടുന്നതാണ്:—

(ക) വിക്രേതാവ് വിററ സാധനം, ക്രേതാവ് ആവശ്യപ്പെട്ട പ്രകൃതത്തിലുള്ളതോ ഉപാദാനവസ്തു കൊണ്ടുള്ളതോ ക്വാളിററിയിൽ ഉള്ളതോ അല്ലാത്തതും, അയാൾക്ക് ദോഷകരമായതും ആയിരിക്കുകയോ, അല്ലെങ്കിൽ അത് ഏത് പ്രകൃതത്തിലുള്ളതോ ഉപാദാനവസ്തുകൊണ്ടുള്ളതോ ക്വാളിററിയിൽ ഉള്ളതോ ആയി ആണ് കരുതപ്പെടുകയോ ധരിപ്പിക്കപ്പെടുകയോ ചെയ്യുന്നത്, ആ പ്രകൃതത്തിലുള്ളതോ ഉപാദാന വസ്തുകൊണ്ടുള്ളതോ ക്വാളിററിയിൽ ഉള്ളതോ അല്ലാത്തതായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഖ) ആ സാധനത്തിന്റെ പ്രകൃതത്തേയോ ഉപാദാനവസ്തുവിനേയോ ക്വാളിററിയേയോ ദോഷകരമായി ബാധിക്കുന്ന മറേറതെങ്കിലും പദാർത്ഥം ആ സാധനത്തിൽ അടങ്ങിയിരിക്കുകയോ അങ്ങനെ ദോഷകരമായി ബാധിക്കത്തക്കവിധം ആ സാധനം പ്രത്യേക പ്രക്രിയക്ക് വിധേയമാക്കിയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ;

(ഗ) ആ സാധനത്തിന്റെ പ്രകൃതത്തേയോ ഉപാദാനവസ്തുവിനേയോ ക്വാളിററിയേയോ ദോഷകരമായി ബാധിക്കത്തക്കവിധം താഴ്ന്നതരമോ വില കുറഞ്ഞതോ ആയ ഏതെങ്കിലും പദാർത്ഥം പൂർണ്ണമായോ ഭാഗികമായോ, ആ സാധനത്തിന് പകരം വച്ചിട്ടുണ്ടെങ്കിൽ ;

(ഘ) ആ സാധനത്തിന്റെ പ്രകൃതത്തെയോ ഉപാദാനവസ്തുവിനെയോ ക്വാളിററിയേയോ ദോഷകരമായി ബാധിക്കത്തക്കവിധം, ആ സാധനത്തിന്റെ ഏതെങ്കിലും ഘടകവസ്തു പൂർണ്ണമായോ ഭാഗികമായോ നീക്കം ചെയ്തിട്ടുണ്ടെങ്കിൽ;

(ങ) ആ സാധനം ശുചീകരണമില്ലാത്ത സ്ഥിതിയിൽ തയ്യാറാക്കുകയോ പായ്ക്ക് ചെയ്യുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടുണ്ടായിരിക്കുകയും, അതുവഴി അത് മലിനമായതോ ആരോഗ്യത്തിന് ഹാനികരമായതോ ആയിത്തീർന്നിരിക്കുകയും ചെയ്യുന്നുവെങ്കിൽ;

(ച) ആ സാധനം പൂർണ്ണമായോ ഭാഗികമായോ അഴുക്കായതോ ചീഞ്ഞതോ അളിഞ്ഞതോ ദ്രവിച്ചതോ രോഗബാധിതമോ ആയ ഏതെങ്കിലും മാംസപദാർത്ഥമോ സസ്യപദാർത്ഥമോ അടങ്ങിയതായിരിക്കുകയോ, അല്ലെങ്കിൽ കീടബാധിതമായിരിക്കുകയോ, അല്ലെങ്കിൽ മനുഷ്യോപഭോഗത്തിന് മററുവിധത്തിൽ അയോജ്യമായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ഛ) ആ സാധനം, രോഗബാധിതമായ മൃഗത്തിൽനിന്ന് ലഭിച്ചതാണെങ്കിൽ;

(ജ) ആ സാധനത്തിൽ, അതു ആരോഗ്യത്തിന് ക്ഷതികരമാക്കിത്തീർക്കുന്ന വിഷമയമായതോ മററുവിധത്തിലുള്ളതോ ആയ ഏതെങ്കിലും ഘടകം അടങ്ങിയിരിക്കുന്നുവെങ്കിൽ;

(ഝ) ആ സാധനത്തെ ഉൾക്കൊള്ളുന്ന പാത്രം പൂർണ്ണമായോ ഭാഗികമായോ, അതിലെ ഉള്ളടക്കത്തെ ആരോഗ്യത്തിന് ക്ഷതികരമാക്കിത്തീർക്കുന്ന വിഷമയമോ ഹാനികരമോ ആയ പദാർത്ഥം കൊണ്ട് ഉണ്ടാക്കിയതാണെങ്കിൽ;

(ഞ) ആ സാധനത്തിൽ, അതു സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്നതല്ലാത്ത ഏതെങ്കിലും നിറം കൊടുക്കുന്ന വസ്തു ഉണ്ടെങ്കിൽ, അല്ലെങ്കിൽ ആ സാധനത്തിലുള്ള, നിർണ്ണയിക്കപ്പെടുന്ന നിറം കൊടുക്കുന്ന വസ്തുവിന്റെ മാത്രകൾ വ്യത്യാസപ്പെടുത്താവുന്നതിന് നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽ, അല്ലെങ്കിൽ

(ട) ആ സാധനത്തിൽ ഏതെങ്കിലും നിരോധിതപരിരക്ഷകമോ, അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന പരിധികൾ കവിഞ്ഞുള്ള അനുവദിതപരിരക്ഷകമോ അടങ്ങിയിരിക്കുന്നുവെങ്കിൽ;

(ഠ) ആ സാധനത്തിന്റെ ക്വാളിററിയോ ശുദ്ധിയോ, നിർണ്ണയിക്കപ്പെടുന്ന മാനകത്തിന് താഴെയായിരിക്കുകയോ, അല്ലെങ്കിൽ അതിന്റെ ഘടകവസ്തുക്കൾ, വ്യത്യാസപ്പെടുത്താവുന്നതിന് നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽപ്പെടാത്ത അളവുകളിൽ ഉണ്ടായിരിക്കുകയോ ചെയ്യുകയും, അതു ആ സാധനം ആരോഗ്യത്തിന് ക്ഷതികരമാക്കുകയും ചെയ്യുന്നുവെങ്കിൽ;

(ഡ) ആ സാധനത്തിന്റെ ക്വാളിററിയോ ശുദ്ധിയോ നിർണ്ണയിക്കപ്പെടുന്ന മാനകത്തിന് താഴെയായിരിക്കുകയോ, അല്ലെങ്കിൽ അതിന്റെ ഘടകവസ്തുക്കൾ, വ്യത്യാസപ്പെടുത്താവുന്നതിന് നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽ പെടാത്ത അളവുകളിൽ ഉണ്ടായിരിക്കുകയോ ചെയ്യുകയും, എന്നാൽ അത്, ആ സാധനത്തെ ആരോഗ്യത്തിനു ക്ഷതികരമാക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ;

എന്നാൽ, പ്രാഥമിക ഭക്ഷ്യമായിരിക്കെ, ആ സാധനത്തിന്റെ ക്വാളിററിയോ ശുദ്ധിയോ നിർണ്ണയിക്കപ്പെടുന്ന മാനകത്തിന് താഴെയായിരിക്കുകയോ, അതിന്റെ ഘടകവസ്തുക്കൾ, വ്യത്യാസപ്പെടുത്താവുന്നതിന് നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽ പെടാത്ത അളവുകളിലായിരിക്കുകയോ ചെയ്യുന്നത്, ആ രണ്ടിലേതു സംഗതിയിലും, പ്രകൃത്യാ ഉള്ള കാരണങ്ങളാൽ മാത്രവും,

മനുഷ്യപ്രവർത്തനത്തിന്റെ നിയന്ത്രണത്തിന് അതീതമായും ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള സാധനം മായം ചേർത്തതായി ഈ ഉപഖണ്ഡത്തിന്റെ അർത്ഥത്തിൽ കരുതപ്പെടുന്നതല്ല.

വിശദീകരണം.—രണ്ടോ അതിലധികമോ പ്രാഥമിക ഭക്ഷ്യസാധനങ്ങൾ കൂട്ടിക്കലർത്തുകയും, പരിണതഭക്ഷ്യസാധനം,—

(ക) അതിന്റെ ഘടകങ്ങളെക്കുറിക്കുന്ന ഒരു പേരിൽ സ്റ്റോർ ചെയ്യുകയോ വില്ക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുകയും;

(ഖ) ആരോഗ്യത്തിന് ക്ഷതികരമല്ലാതിരിക്കുകയും;

ചെയ്യുന്നിടത്ത്, അങ്ങനെയുള്ള പരിണതസാധനം മായം ചേർത്തതായി ഈ ഖണ്ഡത്തിന്റെ അർത്ഥത്തിൽ കരുതപ്പെടുന്നതല്ല.

(ii) "കേന്ദ്ര ഭക്ഷ്യ പരീക്ഷണശാല"ക്ക്, 4–ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെടുന്നതോ വിനിർദ്ദേശിക്കപ്പെടുന്നതോ ആയ ഏതെങ്കിലും പരീക്ഷണശാലയോ ഇൻസ്റ്റിറ്റ്യൂട്ടോ എന്നർത്ഥമാകുന്നു.

(iii) "കമ്മിറ്റി"യ്ക്ക്, 3–ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തപ്പെടുന്ന ഭക്ഷ്യമാനകങ്ങൾക്കുള്ള കേന്ദ്രക്കമ്മിറ്റി എന്നർത്ഥമാകുന്നു.

(iv) "കേന്ദ്ര ഭക്ഷ്യപരീക്ഷണശാലാ ഡയറക്ടർ"ക്ക്, കേന്ദ്ര ഭക്ഷ്യപരീക്ഷണശാലാ ഡയറക്ടറായി കേന്ദ്ര ഗവൺമെന്റ്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിയമിക്കുന്ന ആൾ എന്നർത്ഥമാകുന്നതും, അതിൽ ഈ ആക്റ്റിൻകീഴിൽ, ഡയറക്ടറുടെ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കാൻ കേന്ദ്രഗവൺമെന്റ്, സദൃശ രീതിയിൽ നിയമിക്കുന്ന ഏതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു:

എന്നാൽ, ഏതെങ്കിലും ഭക്ഷ്യസാധനത്തിന്റെ നിർമ്മാണത്തിലോ ഇറക്കുമതിയിലോ വില്പനയിലോ, ധനപരമായ ഏതെങ്കിലും താത്പര്യമുള്ള ഏതൊരാളും ഈ ഖണ്ഡത്തിൻകീഴിൽ ഡയറക്ടറായി നിയമിക്കപ്പെടാൻ പാടുള്ളതല്ല.

(v) "ഭക്ഷ്യ"ത്തിന്, മരുന്നുകളോ വെള്ളമോ അല്ലാത്തതും ഭക്ഷ്യമോ പാനീയമോ ആയി മനുഷ്യോപഭോഗത്തിന് ഉപയോഗിക്കുന്നതുമായ ഏതെങ്കിലും സാധനം എന്നർത്ഥമാകുന്നതും, അതിൽ,—

(ക) മനുഷ്യനുള്ള ഭക്ഷ്യത്തിന്റെ സംഘടനത്തിലോ തയ്യാറാക്കലിലോ സാധാരണമായി ചേരുന്നതോ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും സാധനവും,

(ഖ) രുചിയും മണവും നല്കുന്ന ഏതെങ്കിലും സാധനവും അല്ലെങ്കിൽ വ്യഞ്ജനങ്ങളും;

(ഗ) ഏതു സാധനമാണോ, അതിന്റെ ഉപയോഗമോ പ്രകൃതമോ ഉപാദാനവസ്തുവോ ക്വാളിറ്റിയോ പരിഗണിച്ച് കേന്ദ്ര ഗവൺമെന്റ് ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഭക്ഷ്യമായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും സാധനവും;

ഉൾപ്പെടുന്നതും ആകുന്നു.

(vi) "ഭക്ഷ്യ (ആരോഗ്യ) അധികാരസ്ഥാന"ത്തിന്, മെഡിക്കൽ-ആരോഗ്യസർവ്വീസുകൾ ഡയറക്ടർ, അല്ലെങ്കിൽ ഒരു സ്റ്റേറ്റിലെ ആരോഗ്യ ഭരണത്തിന്റെ ചാർജ്ജുള്ള മുഖ്യ ഉദ്യോഗസ്ഥൻ, അയാൾ എന്തു ഉദ്യോഗപ്പേരിൽ അറിയപ്പെട്ടാലും, എന്നർത്ഥമാകുന്നതും, സ്റ്റേറ്റ് ഗവൺമെന്റ്

കേന്ദ്രഗവൺമെൻറാ വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കുന്ന തദ്ദേശ പ്രദേശം സംബന്ധിച്ച്, ഈ ആക്ററിൻകീഴിൽ ഭക്ഷ്യ (ആരോഗ്യ) അധികാര സ്ഥാനത്തിൻെറ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാൻ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതും ആകുന്നു.

(vii) "തദ്ദേശപ്രദേശ"ത്തിന്, കേന്ദ്രഗവൺമെൻറാ സ്റേററ് ഗവൺമെൻറാ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് തദ്ദേശപ്രദേശമായി പ്രഖ്യാപിക്കുന്ന ഏതെങ്കിലും പ്രദേശം, അതു നഗരപ്രദേശമോ ഗ്രാമപ്രദേശമോ ആയാലും, എന്നർത്ഥമാകുന്നു.

(viii) "തദ്ദേശാധികാരസ്ഥാന"ത്തിന്,

(1) ഏത് തദ്ദേശപ്രദേശമാണോ—

(ക) മുനിസിപ്പാലിററിയായിരിക്കുന്നത്, ആ തദ്ദേശപ്രദേശത്തിൻെറ സംഗതിയിൽ, മുനിസിപ്പൽ ബോർഡോ, മുനിസിപ്പൽ കാർപ്പറേഷനോ എന്നും;

(ഖ) കൻേറാൺമെൻറ് ആയിരിക്കുന്നത്, ആ തദ്ദേശപ്രദേശത്തിൻെറ സംഗതിയിൽ കൻേറാൺമെൻറ് അധികാരസ്ഥാനം എന്നും;

(ഗ) വിജ്ഞാപിതപ്രദേശമായിരിക്കുന്നത്, ആ തദ്ദേശപ്രദേശത്തിൻെറ സംഗതിയിൽ, വിജ്ഞാപിതപ്രദേശക്കമ്മററി എന്നും;

(2) മറെറതൊരു തദ്ദേശപ്രദേശത്തിൻെറ സംഗതിയിൽ, ഈ ആക്ററിൻ കീഴിൽ കേന്ദ്രഗവൺമെൻറാ സ്റേററ് ഗവൺമെൻറോ നിർണ്ണയിക്കുന്ന അധികാരസ്ഥാനം എന്നും;

അർത്ഥമാകുന്നു.

(viiiക) "തദ്ദേശ (ആരോഗ്യ) അധികാരസ്ഥാന" ത്തിന്, ഒരു തദ്ദേശ പ്രദേശം സംബന്ധിച്ച്, കേന്ദ്രഗവൺമെൻറാ സ്റേററ് ഗവൺമെൻറോ, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കുന്ന സ്ഥലത്തും ഉദ്യോഗപ്പേരോടുകൂടിയും ആരോഗ്യഭരണത്തിൻെറ ചാർജ്ജിലിരിക്കാൻ നിയമിക്കുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(viiiഖ) "നിർമ്മാണ"ത്തിൽ, ഒരു ഭക്ഷ്യസാധനത്തിൻെറ നിർമ്മാണത്തിന് ആനുഷംഗികമായതോ സഹായകമായതോ ആയ ഏതെങ്കിലും പ്രക്രിയ ഉൾപ്പെടുന്നു.

(ix) "തെററായി മുദ്രകുത്തിയ"—ഒരു ഭക്ഷ്യസാധനം താഴെപറയുന്ന സംഗതികളിൽ തെററായി മുദ്രകുത്തിയതായി കരുതപ്പെടുന്നതാണ്:—

(ക) അത്, ഏത് മററു ഭക്ഷ്യസാധനത്തിൻെറ പേരിലാണോ വില്ക്കപ്പെടുന്നത്, ആ ഭക്ഷ്യസാധനത്തിൻെറ അനുകരണമോ പകരം വസ്തുവോ ആയിരിക്കുകയോ, അല്ലെങ്കിൽ കബളിപ്പിക്കാൻ ഇടയുള്ളവിധം അതിന് സദൃശമായിരിക്കുകയോ ചെയ്യുകയും, അതിൻെറ യഥാർത്ഥസ്വഭാവം സൂചിപ്പിക്കത്തക്കവിധം വ്യക്തമായും ശ്രദ്ധയാകർഷിക്കത്തക്കവണ്ണവും ലേബൽ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ;

(ഖ) വ്യാജമായി, ഏതെങ്കിലും സ്ഥലത്തേയോ രാജ്യത്തേയോ ഉത്പന്നമാണ് അത് എന്ന് പ്രസ്താവിക്കുന്നുവെങ്കിൽ;

(ഗ) മറെറാരു ഭക്ഷ്യസാധനത്തിൻേറതായ പേരിൽ വില്ക്കുന്നുവെങ്കിൽ;

(ഘ) ആ സാധനം കേടുവന്നതാണെന്ന വസ്തുത മറച്ചുവയ്ക്കത്തക്ക വിധം, അതിന് നിറംകൊടുക്കുകയോ രുചിയും മണവും നല്കുകയോ പൂശുകയോ പൊടിയാക്കുകയോ പാളിഷ്ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അല്ലെങ്കിൽ ആ സാധനം യഥാർത്ഥത്തിലുള്ളതിലും മെച്ചപ്പെട്ടതോ മൂല്യംകൂടിയതോ ആണെന്ന് തോന്നിപ്പിക്കുന്നുവെങ്കിൽ;

(ങ) ലേബലിൻമേലോ മററുവിധത്തിലോ അതുസംബന്ധിച്ച് വ്യാജമായ അവകാശവാദങ്ങൾ ഉന്നയിക്കുന്നുവെങ്കിൽ;

(ച) അത് നിർമ്മാതാവോ ഉൽപാദകനോ, അയാളുടെ ആവശ്യപ്രകാരമോ മുദ്രവയ്ക്കുകയോ തയ്യാറാക്കുകയോ ചെയ്തിട്ടുള്ളതും, അയാളുടെ പേരും മേൽവിലാസവും വഹിക്കുന്നതുമായ പാക്കേജുകളിൽ വില്ക്കപ്പെടുമ്പോൾ ഈ ആക്ററിൻകീഴിൽ വ്യത്യാസപ്പെടുത്താവുന്നതിന് നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽപ്പെടുന്നവിധം ഏതൊരു പാക്കേജിൻേറയും ഉള്ളടക്കം അതിൻേറ പുറത്ത് ശ്രദ്ധയാകർഷിക്കത്തക്കവണ്ണം കൃത്യമായും പ്രസ്താവിക്കുന്നില്ലെങ്കിൽ;

(ഛ) അത് അടങ്ങുന്ന പാക്കേജോ, പാക്കേജിന് പുറത്തുള്ള ലേബലോ, അതിൽ അടങ്ങിയ ഘടകപദാർത്ഥങ്ങളെക്കുറിച്ചോ പദാർത്ഥങ്ങളെക്കുറിച്ചോ സാരമായ ഏതെങ്കിലും വിവരംസംബന്ധിച്ച് വ്യാജമായതോ തെററിദ്ധരിപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രസ്താവനയോ രൂപമാതൃകയോ അടയാളമോ വഹിക്കുകയോ, അല്ലെങ്കിൽ ആ പാക്കേജ് അതിൻേറ ഉള്ളടക്കം സംബന്ധിച്ച്, മററുവിധത്തിൽ കബളിപ്പിക്കുന്നതായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ;

(ജ) അത് അടങ്ങുന്ന പാക്കേജോ, പാക്കേജിൻേറ പുറത്തുള്ള ലേബലോ, ആ സാധനത്തിൻേറ നിർമ്മാതാവോ ഉത്പാദകനോ ആയി ഒരു കല്പിത വ്യക്തിയുടേയോ കമ്പനിയുടേയോ പേർ വഹിക്കുന്നുവെങ്കിൽ;

(ഝ) അത് പ്രത്യേക ആഹാരക്രമത്തിൻേറ ഉപയോഗങ്ങൾക്കുള്ളതാണെന്ന് കരുതപ്പെടാവുന്നതോ ധരിപ്പിക്കപ്പെടുന്നതോ ആണെങ്കിൽ—അതിൻേറ ലേബൽ അങ്ങനത്തെ ഉപയോഗങ്ങൾക്കുള്ള അതിൻേറ മൂല്യം അതിൻേറ ക്രേതാവിനെ മതിയാംവണ്ണം അറിയിക്കുന്നതിനുവേണ്ടി അതിൻേറ വിററാമിൻ സംബന്ധിയോ ധാതവികമോ മററ് ആഹാരക്രമസംബന്ധിയോ ആയ ഗുണങ്ങളെക്കുറിച്ചുള്ള നിർണ്ണയിക്കപ്പെടുന്ന വിവരം വഹിക്കാത്തപക്ഷം;

(ഞ) അതിൽ ഏതെങ്കിലും കൃത്രിമമായ രുചിയും മണവും നല്കലോ, കൃത്രിമമായ നിറംകൊടുക്കലോ രാസപരിരക്ഷകമോ അടങ്ങുന്നുണ്ടെന്ന വസ്തുത പ്രസ്താവിച്ചു കൊണ്ടുള്ള ഒരു പ്രഖ്യാപകലേബൽ കൂടാതേയോ, അല്ലെങ്കിൽ ഈ ആക്ററോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ ആവശ്യപ്പെടുന്നവ ഉല്ലംഘിച്ചുകൊണ്ടോ അപ്രകാരം അടങ്ങുന്നുവെങ്കിൽ;

(ട) അത്, ഈ ആക്ററോ, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ ആവശ്യപ്പെടുന്നതനുസരിച്ച്, ലേബൽ ചെയ്യപ്പെടുന്നില്ലെങ്കിൽ.

(x) ''പാക്കേജി'' ന്, ഭക്ഷ്യസാധനം വച്ചിരിക്കുന്നതോ, പാക്ക് ചെയ്തിരിക്കുന്നതോ ആയ പെട്ടിയോ, കുപ്പിയോ, കാസ്കറോ, ടിന്നോ, വീപ്പയോ, കേയ്സോ, പാത്രമോ, ചാക്കോ, സഞ്ചിയോ, റാപ്പറോ, മററുസാധനമോ എന്നർത്ഥമാകുന്നു.

(xi) ''കെട്ടിടപരിസര''ങ്ങളിൽ, ഏതെങ്കിലും ഭക്ഷ്യസാധനം വില്ക്കുകയോ വില്പനയ്ക്കായി നിർമ്മിക്കുകയോ സ്റേറാർ ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും കടയോ സ്ററാളോ സ്ഥലമോ ഉൾപ്പെടുന്നു.

(xii) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(xiiക) "പ്രാഥമിക ഭക്ഷ്യ" ത്തിന്, കൃഷിയുടേയോ തോട്ടകൃഷിയുടേയോ ഉൽപന്നം ആയ ഏതെങ്കിലും ഭക്ഷ്യസാധനം, അതിൻെറ പ്രകൃത്യാ ഉള്ള രൂപത്തിൽ, എന്നർത്ഥമാകുന്നു.

(xiii) "വില്പന"യ്ക്കും, അതിൻെറ വ്യാകരണ സംബന്ധമായ രൂപഭേദങ്ങൾക്കും സജാതീയ പദങ്ങൾക്കും മനുഷ്യോപഭോഗത്തിനോ മനുഷ്യോപയോഗത്തിനോ അല്ലെങ്കിൽ വിശ്ലേഷണത്തിനോ ആയുള്ള ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ വില്പന, അത് രൊക്കമായോ കടമായോ വിനിമയമായോ ആയാലും, മൊത്തമായോ ചില്ലറയായോ ആയാലും, എന്ന് അർത്ഥമാകുന്നതും, അതിൽ അങ്ങനെയുള്ള ഏതെങ്കിലും സാധനത്തിൻെറ വില്പനയ്ക്കുള്ള കരാറോ വില്പനയ്ക്കുള്ള ആഫറോ, വില്പനക്കായി പ്രദർശിപ്പിക്കലോ, വില്പനയ്ക്കായി കൈവശം വയ്ക്കലോ ഉൾപ്പെടുന്നതും, കൂടാതെ വില്ക്കാനുള്ള ശ്രമവും ഉൾപ്പെടുന്നതും ആകുന്നു.

(xiv) "സാമ്പിളി" ന്, ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കു കീഴിൽ എടുക്കപ്പെടുന്ന സാമ്പിൾ എന്നർത്ഥമാകുന്നു.

(xv) "അനാരോഗ്യകരം", "ഹാനികരം" എന്നീ വാക്കുകൾക്ക്, ഒരു ആഹാരസാധനം സംബന്ധിച്ച് ഉപയോഗിക്കപ്പെടുമ്പോൾ, അത് യഥാക്രമം, ആരോഗ്യത്തിന് ഹാനികരമാണെന്നോ മനുഷ്യോപയോഗത്തിന് ആരോചകമാണെന്നോ അർത്ഥമാകുന്നു.

2ക. അർത്ഥകല്പനയ്ക്കുള്ള ചട്ടം.—ജമ്മു-കാശ്മീർ സ്റേറററിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെക്കുറിച്ചുള്ള ഈ ആക്ററിലെ ഏതെങ്കിലും പരാമർശത്തിന്, ആ സ്റേറററിനെ സംബന്ധിച്ചിടത്തോളം, ആ സ്റേറററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയനിയമം, വല്ലതുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

## ഭക്ഷ്യമാനകങ്ങൾക്കുള്ള കേന്ദ്രക്കമ്മിററിയും കേന്ദ്ര ഭക്ഷ്യപരീക്ഷണശാലയും

3. ഭക്ഷ്യമാനകങ്ങൾക്കുള്ള കേന്ദ്രക്കമ്മിററി.—(1) കേന്ദ്രഗവൺമെൻറ്, ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം, ആകുന്നത്രവേഗത്തിൽ, ഭക്ഷ്യമാനകങ്ങൾക്കുള്ള കേന്ദ്രക്കമ്മിററി എന്നുപേർപറയപ്പെടുന്ന ഒരു കമ്മിററി, ഈ ആക്ററിൻെറ പ്രശാസനത്തിൽനിന്ന് ഉദ്ഭവിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനേയും സ്റേററ്ഗവൺമെൻറുകളേയും ഉപദേശിക്കുന്നതിനും, ഈ ആക്ററിൻകീഴിൽ അതിന് നല്കിയിട്ടുള്ള മററു ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ഏർപ്പെടുത്തേണ്ടതാകുന്നു.

(2) കമ്മിററി താഴെപറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) ആരോഗ്യസർവ്വീസസ് ഡയറക്ടർ ജനറൽ, എക്സ് അഫിഷ്യോ—അദ്ദേഹം ചെയർമാനായിരിക്കുന്നതാണ്;

(ഖ) കേന്ദ്രഭക്ഷ്യപരീക്ഷണശാലാ ഡയറക്ടർ, അല്ലെങ്കിൽ രണ്ടിലധികം കേന്ദ്രഭക്ഷ്യപരീക്ഷണശാലകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ, അങ്ങനെയുള്ള പരീക്ഷണശാലകളുടെ ഡയറക്ടർമാർ, എക്സ് അഫിഷ്യോ;

(ഗ) കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് വിദഗ്ദ്ധന്മാർ;

(ഘ) കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന ഭക്ഷ്യ—കൃഷി മന്ത്രികാര്യാലയത്തിലെ് ഭക്ഷ്യം, കൃഷി വകുപ്പുകളിൽ ഓരോന്നിൽ നിന്നുമുള്ള ഒരു പ്രതിനിധിയും, വാണിജ്യം, പ്രതിരോധം, വ്യവസായവും വിതരണവും, റയിൽവേ എന്നിവയുടെ കേന്ദ്ര മന്ത്രികാര്യാലയങ്ങളിൽ ഓരോന്നിൽ നിന്നുമുള്ള ഒരു പ്രതിനിധിയും ;

(ങ) ഓരോ സ്റേററിലേയും ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി ;

(ച) യൂണിയൻ രാജ്യക്ഷേത്രങ്ങളെ പ്രതിനിധാനം ചെയ്യാൻ കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പ്രതിനിധികൾ ;

(ഛ) കാർഷിക, വാണിജ്യ, വ്യാവസായിക താത്പര്യങ്ങൾ പ്രതിനിധാനം ചെയ്യാൻ കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി ;

(ഛഛ) ഉപഭോക്താക്കളുടെ താത്പര്യങ്ങളെ പ്രതിനിധാനം ചെയ്യാൻ കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ചു പ്രതിനിധികൾ—അവരിൽ ഒരാൾ ഹോട്ടൽ വ്യവസായത്തിൽ നിന്നായിരിക്കേണ്ടതാകുന്നു ;

(ജ) ഇൻഡ്യൻ മെഡിക്കൽ ഗവേഷണ സമിതി നാമനിർദ്ദേശം ചെയ്യുന്ന വൈദ്യവൃത്തിയുടെ ഒരു പ്രതിനിധി ;

(ഝ) ഇൻഡ്യൻ മാനകസംസ്ഥാപനം (സർട്ടിഫിക്കേഷൻ ചിഹ്നങ്ങൾ) ആക്ററ്, 1952–ലെ (1952–ലെ 36) 2–ാം വകുപ്പ് (ങ) ഖണ്ഡത്തിൽ പരാമർശിച്ച ഇൻഡ്യൻ മാനകസംസ്ഥാപനം നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി ;

(3) (2)–ാം ഉപവകുപ്പ് (ഗ), (ഘ), (ങ), (ച), (ഛ), (ഛഛ), (ജ), (ഞ) ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന കമ്മിററി അംഗങ്ങൾക്ക്, മൂന്നുവർഷം ഉദ്യോഗം വഹിക്കാൻ, അതിനു മുമ്പ് അവരുടെ സ്ഥാനം രാജിയോ മരണമോ കാരണമായോ മററു കാരണത്താലോ ഒഴിവാകാത്തപക്ഷം, അവകാശമുണ്ടായിരിക്കുന്നതും, വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുവാൻ അർഹതയുണ്ടായിരിക്കുന്നതുമാണ്.

(4) കമ്മിററിയിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നിരുന്നാലും അതിൻെറ ചുമതലകൾ നിർവ്വഹിക്കപ്പെടാവുന്നതാണ്.

(5) കമ്മിററിക്ക്, യുക്തമെന്ന് തോന്നുന്ന വിധമുള്ള, യുക്തമെന്നു തോന്നുന്നത്ര സബ്–കമ്മിററികളെ, കമ്മിററി ചുമത്തുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി, കമ്മിററി അവയ്ക്ക് പ്രത്യായോജനം ചെയ്യുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിനായി നിയമിക്കുകയും, അതിലേക്ക് കമ്മിററിയിലെ അംഗങ്ങളല്ലാത്ത ആളുകളെ നിയമിക്കുകയും ചെയ്യാവുന്നതാണ്.

(6) കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തിന് വിധേയമായി, കമ്മിററിക്ക്, അതിൻെറ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുന്നതിനും അതിൻെറ കാര്യങ്ങളുടെ നടത്തിപ്പിനുംവേണ്ടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്.

3ക. സെക്രട്ടറിയുടേയും മററു സ്ററാഫിൻേറയും നിയമനം.—(1) കേന്ദ്രഗവൺമെൻറ്, കമ്മിററിക്ക് ഒരു സെക്രട്ടറിയെ നിയമിക്കേണ്ടതും, അയാൾ, കമ്മിററിയുടെ നിയന്ത്രണത്തിനും നിദേശത്തിനും കീഴിൽ നിർണ്ണയിക്കപ്പെടുന്നതോ, കമ്മിററി അയാൾക്ക് പ്രത്യായോജനം ചെയ്യുന്നതോ ആയ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) കേന്ദ്രഗവൺമെൻറ്, കമ്മിററിക്ക്, ആ ഗവൺമെൻറ് ആവശ്യകമായി കരുതുന്ന ക്ലാർക്കുമാരേയും മററു സ്ററാഫിനേയും നല്കേണ്ടതാകുന്നു.

4. കേന്ദ്ര ഭക്ഷ്യ പരീക്ഷണശാല.—(1) ഈ ആക്ററോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളോ കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലയെ ഭരമേല്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനായി, കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഒന്നോ അതിലധികമോ കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലയോ ശാലകളോ സ്ഥാപിക്കേണ്ടതാകുന്നു;

എന്നാൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഏതെങ്കിലും പരീക്ഷണശാലയേയോ ഇൻസ്ററിററ്യൂട്ടിനേയോ ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലയായി വിനിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

(2) കേന്ദ്രഗവൺമെൻറിന്, കമ്മിററിയുമായി ആലോചിച്ചതിന് ശേഷം—

(ക) കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലയുടെ ചുമതലകളും; ഏതു തദ്ദേശപ്രദേശത്തോ പ്രദേശങ്ങളിലോ ആണ് അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കാവുന്നത്, ആ തദ്ദേശപ്രദേശവും അല്ലെങ്കിൽ തദ്ദേശ പ്രദേശങ്ങളും ;

(ഖ) വിശ്ലേഷണത്തിനോ പരീക്ഷണങ്ങൾക്കോ ആയി ഭക്ഷ്യ സാധനങ്ങളുടെ സാമ്പിളുകൾ, മുൻപറഞ്ഞ പരീക്ഷണശാലയ്ക്ക് സമർപ്പിക്കാനുള്ള നടപടിക്രമവും, അതിൻമേലുള്ള പരീക്ഷണശാലയുടെ റിപ്പോർട്ടുകളുടെ ഫാറങ്ങളും, അങ്ങനെയുള്ള റിപ്പോർട്ടുകൾ സംബന്ധിച്ചുകൊടുക്കേണ്ട ഫീസും ;

(ഗ) മുൻപറഞ്ഞ പരീക്ഷണശാലയ്ക്ക് അതിൻെറ ചുമതലകൾ നിർവ്വഹിക്കാൻ കഴിവുണ്ടാക്കുന്നതിന് ആവശ്യകമോ സമീചീനമോ ആയ മററു വിഷയങ്ങളും,

നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഭക്ഷ്യംസംബന്ധിച്ച സാമാന്യവ്യവസ്ഥകൾ

5. ചില ഭക്ഷ്യസാധങ്ങൾ ഇറക്കുമതി ചെയ്യുന്നതിൻെറ നിരോധനം.—യാതൊരാളും താഴെപറയുന്നവ ഇൻഡ്യയിലേക്ക് ഇറക്കുമതിചെയ്യാൻ പാടുള്ളതല്ല—

(i) മായംചേർത്ത ഏതെങ്കിലും ഭക്ഷ്യം;

(ii) തെററായി മുദ്രകുത്തിയ ഏതെങ്കിലും ഭക്ഷ്യം;

(iii) ഇറക്കുമതിക്ക് ലൈസൻസ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭക്ഷ്യസാധനം ലൈസൻസ് ഉപാധികൾ അനുസരിച്ചല്ലാതെ;

(iv) ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ മറേറതെങ്കിലും വ്യവസ്ഥ ഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും ഭക്ഷ്യസാധനം.

6. കടൽ കസ്ററംസ് സംബന്ധിച്ച നിയമത്തിൻെറ ബാധകതയും, കസ്ററംസ് ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങളും.—(1) കടൽ കസ്ററംസും, കടൽ കസ്ററംസ് ആക്ററ്, 1878-ലെ (1878-ലെ 8) 18-ാം വകുപ്പ് ഇറക്കുമതി നിരോധിക്കുന്ന സാമാനങ്ങളും സംബന്ധിച്ച്, തൽസമയം പ്രാബല്യത്തിലുള്ള നിയമം, ഈ ആക്ററിലെ 5-ാ വകുപ്പിൻകീഴിൽ ഇറക്കുമതി നിരോധിക്കുന്ന

ഭക്ഷ്യ സാധനങ്ങരം സംബന്ധിച്ച്, ഈ ആക്ററിലെ 16–ാം വകുപ്പിലെ വ്യവസ്ഥകരംക്ക് വിധേയമായി, ബാധകമാകുന്നതും, കസ്ററംസ് ഉദ്യോഗസ്ഥൻമാർക്കും കസ്ററംസ് കലക്ററുടേയും മററ് കസ്ററംസ് ഉദ്യോഗസ്ഥൻമാരുടേയും മേൽ ആ ആക്ററ് ചുമത്തുന്ന കർത്തവ്യങ്ങരം നിർവ്വഹിക്കുന്നതിന്, അതിൻകീഴിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കും അങ്ങനെയുള്ള ഭക്ഷ്യസാധനം സംബന്ധിച്ച് മുൻപറഞ്ഞ സാമാനങ്ങരം സംബന്ധിച്ച് തൽസമയം അവർക്കുള്ള അതേ അധികാരങ്ങരം ഉണ്ടായിരിക്കുന്നതാണ്.

(2) (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകരംക്ക് ഭംഗംവരാതെ കസ്ററംസ് കലക്ററർക്കോ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഗവൺമെൻറ് ഉദ്യോഗസ്ഥനോ, ഈ ആക്ററിലെ 5–ാം വകുപ്പിൻ കീഴിൽ ഇറക്കുമതി നിരോധിക്കുന്ന ഏതെങ്കിലും ഭക്ഷ്യസാധനം അടങ്ങുന്നതായി താൻ സംശയിക്കുന്ന ഏതെങ്കിലും ഇറക്കുമതിചെയ്ത പാക്കേജ് തടഞ്ഞുവയ്ക്കാവുന്നതും, അങ്ങനെയുള്ള തടഞ്ഞുവയ്ക്കൽ അയാരം ഉടനടി കേന്ദ്ര ഭക്ഷ്യപരീക്ഷണശാലാ ഡയറക്ററർക്ക് റിപ്പോർട്ട് ചെയ്യുകയും, ഡയറക്ററർ ആവശ്യപ്പെടുന്നുവെങ്കിൽ, മുൻപറഞ്ഞ പരീക്ഷണശാലയ്ക്ക് ആ പാക്കേജ് അയച്ചുകൊടുക്കുകയോ, അതിനുള്ളിൽ കാണപ്പെട്ട ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ സാമ്പിളുകരം അയച്ചുകൊടുക്കുകയോ ചെയ്യുകയും ചെയ്യേണ്ടതുമാകുന്നു.

7. <u>ചില ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനം, വില്പന മുതലായവയുടെ നിരോധനം.</u>— യാതൊരാളും, താൻതന്നെയോ, അല്ലെങ്കിൽ തനിക്കുവേണ്ടി ഏതെങ്കിലും ആരം മുഖേനയോ താഴെപറയുന്നവ വില്പനയ്ക്കായി നിർമ്മിക്കുകയോ സ്റേറാർചെയ്യുകയോ, വില്ക്കുകയോ, വിതരണം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല—

(i) മായം ചേർത്ത ഏതെങ്കിലും ഭക്ഷ്യം ;

(ii) തെററായി മുദ്രകുത്തിയ ഏതെങ്കിലും ഭക്ഷ്യം ;

(iii) വില്പനയ്ക്ക് ലൈസൻസ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭക്ഷ്യസാധനം—ലൈസൻസിലെ ഉപാധി അനുസരിച്ചല്ലാതെ ;

(iv) പൊതുജനാരോഗ്യത്തിൻെറ താത്പര്യത്തിനായി ഭക്ഷ്യ (ആരോഗ്യ) അധികാരസ്ഥാനം തൽസമയത്തേക്ക് വില്പന നിരോധിച്ചിട്ടുള്ള ഏതെങ്കിലും ഭക്ഷ്യസാധനം ;

(v) ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ മറേറതെങ്കിലും വ്യവസ്ഥ ഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും ഭക്ഷ്യസാധനം; അല്ലെങ്കിൽ

(vi) മായംചേർക്കുന്ന ഏതെങ്കിലും വസ്തു.

വിശദീകരണം.— ഒരാരം ഏതെങ്കിലും മായംചേർത്ത ഭക്ഷ്യമോ തെററായി മുദ്രകുത്തിയ ഭക്ഷ്യമോ (iii)–ാം ഖണ്ഡത്തിലോ (iv)–ാം ഖണ്ഡത്തിലോ (v)–ാം ഖണ്ഡത്തിലോ പരാമർശിച്ച ഏതെങ്കിലും ഭക്ഷ്യസാധനമോ, ഈ വകുപ്പിൻെറ ആവശ്യങ്ങരംക്ക് സ്റേറാർ ചെയ്യുന്നതായി, അയാരം അങ്ങനെയുള്ള ഭക്ഷ്യം, അതിൽനിന്ന് ഏതെങ്കിലും ഭക്ഷ്യസാധനം വില്പനക്കായി നിർമ്മിക്കുന്നതിനുവേണ്ടി സ്റേറാർ ചെയ്യുന്നുവെങ്കിൽ, കരുതപ്പെടുന്നതാകുന്നു.

## ഭക്ഷ്യത്തിന്റെ വിശ്ലേഷണം

8. പബ്ലിക് അനലിസ്റ്റുകൾ.— കേന്ദ്രഗവൺമെന്റിനോ സ്റ്റേറ്റ് ഗവൺമെന്റിനോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിർണ്ണയിക്കപ്പെടുന്ന യോഗ്യതകൾ ഉള്ളവരായ, യുക്തമെന്നു തോന്നുന്ന ആളുകളെ, അതതു സംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ അവർക്ക് തിരിച്ചുവയ്ക്കുന്ന തദ്ദേശപ്രദേശത്തേക്ക് പബ്ലിക് അനലിസ്റ്റുകളായി നിയമിക്കാവുന്നതാണ് :

എന്നാൽ, ഏതെങ്കിലും ഭക്ഷ്യസാധത്തിന്റെ നിർമ്മാണത്തിലോ, ഇറക്കുമതിയിലോ, വില്പനയിലോ ധനപരമായ ഏതെങ്കിലും താത്പര്യമുള്ള യാതൊരാളും ഈ വകുപ്പിൻകീഴിൽ, പബ്ലിക് അനലിസ്റ്റായി നിയമിക്കപ്പെടാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, വ്യത്യസ്ത ഭക്ഷ്യസാധനങ്ങൾക്ക് വ്യത്യസ്ത പബ്ലിക് അനലിസ്റ്റുകളെ നിയമിക്കാവുന്നതാണ്.

9. ഭക്ഷ്യ ഇൻസ്പെക്ടർമാർ.—(1) കേന്ദ്രഗവൺമെന്റിനോ സ്റ്റേറ്റ് ഗവൺമെന്റിനോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിർണ്ണയിക്കപ്പെടുന്ന യോഗ്യതകളുള്ളവരായ യുക്തമെന്നു തോന്നുന്ന ആളുകളെ, അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ അവർക്ക് തിരിച്ചുവയ്ക്കുന്ന തദ്ദേശ പ്രദേശത്തേക്ക് ഭക്ഷ്യ ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതാണ് :

എന്നാൽ, ഏതെങ്കിലും ഭക്ഷ്യസാധനത്തിന്റെ നിർമ്മാണത്തിലോ ഇറക്കുമതിയിലോ വില്പനയിലോ ധനപരമായ ഏതെങ്കിലും താത്പര്യമുള്ള യാതൊരാളും ഈ വകുപ്പിൻകീഴിൽ ഭക്ഷ്യ ഇൻസ്പെക്ടറായി നിയമിക്കപ്പെടാൻ പാടുള്ളതല്ല.

(2) ഏതൊരു ഭക്ഷ്യ ഇൻസ്പെക്ടറും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതും, തന്നെ നിയമിക്കുന്ന ഗവൺമെന്റ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിന്, ഔദ്യോഗികമായി കീഴിലായിരിക്കുന്നതുമാണ്.

10. ഭക്ഷ്യ ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.—(1) ഭക്ഷ്യ ഇൻസ്പെക്ടർക്ക്—

(ക) ഏതെങ്കിലും ഭക്ഷ്യസാധനത്തിന്റെ സാമ്പിളുകൾ—

(i) അങ്ങനെയുള്ള സാധനം വില്ക്കുന്ന ഏതെങ്കിലും ആളിൽ നിന്നോ ;

(ii) ഒരു ക്രേതാവിനോ കൺസൈനിക്കോ അങ്ങനെയുള്ള സാധനം എത്തിച്ചുകൊടുക്കുകയോ, ഡെലിവർ ചെയ്യുകയോ, ഡെലിവർ ചെയ്യാനായി തയ്യാറാക്കുകയോ ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും ആളിൽനിന്നോ ;

(iii) ഒരു കൺസൈനിക്ക് അങ്ങനെയുള്ള ഏതെങ്കിലും സാധനം ഡെലിവർ ചെയ്തതിനുശേഷം അയാളിൽനിന്നോ ;

എടുക്കുന്നതിനും ;

(ഖ) അങ്ങനെയുള്ള സാമ്പിൾ, അത് എടുത്തിട്ടുള്ളത് ഏത് തദ്ദേശപ്രദേശത്തിനുള്ളിൽനിന്നാണോ, ആ തദ്ദേശപ്രദേശത്തേക്കുള്ള പബ്ലിക് അനലിസ്റ്റിന് വിശ്ലേഷണത്തിനായി അയച്ചുകൊടുക്കുന്നതിനും ;

(ഗ) ബന്ധപ്പെട്ട തദ്ദേശപ്രദേശത്ത് അധികാരിതയുള്ള തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടിയോ, ഭക്ഷ്യ (ആരോഗ്യ) അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ പൊതുജനാരോഗ്യ താത്പര്യത്തിനായി ഏതെങ്കിലും ഭക്ഷ്യസാധനത്തിന്റെ വില്പന നിരോധിക്കുന്നതിനും :

അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.— (ക) ഖണ്ഡം (iii)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, 'കൺസൈനി'യിൽ, തന്റെ സ്വന്തം ഉപഭോഗത്തിനു ഏതെങ്കിലും ഭക്ഷ്യ സാധനം വിലയ്ക്കു വാങ്ങുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ആൾ ഉൾപ്പെടുന്നതല്ല.

(2) ഏതെങ്കിലും ഭക്ഷ്യ ഇൻസ്പെക്ററർക്ക്, ഏതെങ്കിലും ഭക്ഷ്യസാധനം നിർമ്മിക്കുകയോ, വില്പനയ്ക്കായി സ്റേറാർ ചെയ്യുകയോ, വില്പനക്കായി മറേറതെങ്കിലും ഭക്ഷ്യസാധനം നിർമ്മിക്കുന്നതിനായി സ്റേറാർചെയ്യുകയോ, വില്പനയ്ക്കു വയ്ക്കുകയോ, വില്പനക്കായി പ്രദർശിപ്പിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും മായം ചേർക്കുന്ന വസ്തു, നിർമ്മിക്കുകയോ വയ്ക്കുകയോ ചെയ്യുന്നതോ ആയ ഏതെങ്കിലും സ്ഥലത്തു പ്രവേശിക്കുകയും പരിശോധിക്കുകയും വിശ്ലേഷണത്തിനായി, അങ്ങനെയുള്ള ഭക്ഷ്യസാധനങ്ങളുടേയോ മായം ചേർക്കുന്ന വസ്തുവിന്റേയോ സാമ്പിളുകൾ എടുക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും ഭക്ഷ്യസാധനം പ്രാഥമിക ഭക്ഷ്യമായിരിക്കെ, അങ്ങനെയുള്ള ഭക്ഷ്യമായി വില്ക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ലെങ്കിൽ, അതിന്റെ യാതൊരു സാമ്പിളും ഈ ഉപവകുപ്പിൻകീഴിൽ എടുക്കാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിലോ, അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൻകീഴിലോ ഏതെങ്കിലും സാമ്പിൾ എടുത്തിട്ടുള്ളിടത്ത്, അത് ആരിൽനിന്നാണ് എടുത്തത്, അയാൾക്ക് ആ സാധനം സാധാരണമായി പൊതുജനങ്ങൾക്ക് വില്ക്കാറുള്ള നിരക്കിൽ കണക്കാക്കിയ അതിന്റെ വില കൊടുക്കേണ്ടതാകുന്നു.

(4) ഭക്ഷ്യത്തിന് ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സാധനം മായം ചേർത്തതാണെന്നോ, തെററായി മുദ്രകുത്തിയതാണെന്നോ തോന്നുന്നുവെങ്കിൽ, ഏതെങ്കിലും ഭക്ഷ്യഇൻസ്പെക്ററർക്ക്, അത് പിടിച്ചെടുക്കുകയും, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ കൈകാര്യം ചെയ്യുന്നതിനു വേണ്ടി, എടുത്തുകൊണ്ടുപോവുകയോ വിക്രേതാവിന്റെ സുരക്ഷിതമായ കസ്ററഡിയിൽ വയ്ക്കുകയോ ചെയ്യാവുന്നതും; ഈ രണ്ടു സംഗതികളിൽ ഏതിലും അയാൾ അങ്ങനെയുള്ള സാധനത്തിന്റെ സാമ്പിൾ എടുക്കുകയും അത് വിശ്ലേഷണത്തിനായി പബ്ലിക് അനലിസ്ററിന് സമർപ്പിക്കുകയും ചെയ്യേണ്ടതാകുന്നു :

എന്നാൽ, ഭക്ഷ്യ ഇൻസ്പെക്ററർ അങ്ങനെയുള്ള സാധനം വിക്രേതാവിന്റെ സുരക്ഷിതമായ കസ്ററഡിയിൽ വയ്ക്കുന്നിടത്ത്, അയാൾക്ക് ആ സാധനത്തിന്റെ മൂല്യത്തിന് തുല്യമായ തുകയ്ക്ക് ഒരു ബാണ്ട്, യുക്തമെന്ന് അയാൾക്ക് തോന്നുന്നതുപോലെ, ഒന്നോ അതിലധികമോ ജാമ്യക്കാരോടു കൂടി, ഒപ്പിട്ടു പൂർത്തീകരിക്കാൻ വിക്രേതാവിനോട് ആവശ്യപ്പെടാവുന്നതും, വിക്രേതാവ് അതനുസരിച്ച് ബാണ്ട് ഒപ്പിട്ടു പൂർത്തീകരിക്കേണ്ടതുമാകുന്നു.

(4ക) (4)-ാം ഉപവകുപ്പിൻകീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഏതെങ്കിലും ഭക്ഷ്യസാധനം വേഗം കേടുവരുന്ന സ്വഭാവമുള്ളതായിരിക്കുകയും, അങ്ങനെയുള്ള ഭക്ഷ്യസാധനം മനുഷ്യോപഭോഗത്തിന് അയോജ്യമായിരിക്കത്തക്കവിധം കേടുവന്നിട്ടുള്ളതാണെന്ന് തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നിടത്ത്, ആ അധികാരസ്ഥാനത്തിന്, വിക്രേതാവിന് ലിഖിതമായ നോട്ടീസ് കൊടുത്തതിനുശേഷം, അത് നശിപ്പിക്കാനിടയാക്കാവുന്നതാണ്.

(5) ഈ വകുപ്പ് നല്കുന്ന അധികാരത്തിൽ, ഏതെങ്കിലും ഭക്ഷ്യസാധനം അടങ്ങുന്ന ഏതെങ്കിലും പാക്കേജ് കുത്തിത്തുറക്കാനോ, ഏതെങ്കിലും ഭക്ഷ്യസാധനം വില്പനയ്ക്ക് സൂക്ഷിക്കുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളുടെ വാതിൽ കുത്തിത്തുറക്കാനോ ഉള്ള അധികാരം ഉൾപ്പെടുന്നു:

എന്നാൽ, പാക്കേജോ വാതിലോ കുത്തിത്തുറക്കാനുള്ള അധികാരം, കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥനോ, അല്ലെങ്കിൽ അതതുസംഗതിപോലെ, പാക്കേജിന്റെ ചാർജ് ഉള്ളതോ കെട്ടിട പരിസരങ്ങൾ കൈവശം ഉള്ളതോ ആയ മറേറതെങ്കിലും ആളോ അവിടെ സന്നിഹിതനാണെങ്കിൽ, പാക്കേജോ വാതിലോ തുറക്കാൻ ആവശ്യപ്പെടുന്നതിൻമേൽ, അയാൾ അങ്ങനെ ചെയ്യാൻ വിസമ്മതിച്ചതിനു ശേഷവും, ഇരുസംഗതികളിൽ ഏതിലും അപ്രകാരം ചെയ്യാനുള്ള കാരണങ്ങൾ റിക്കാർഡാക്കിയതിനുശേഷവും, മാത്രമേ പ്രയോഗിക്കാൻ പാടുള്ളു:

എന്നുമാത്രമല്ല, ഈ വകുപ്പിൻ കീഴിൽ ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കാനും പരിശോധിക്കാനും ഉള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ ഭക്ഷ്യ ഇൻസ്പെക്ററർ ആകുന്നത്ര ക്രിമിനൽ നടപടി നിയമസംഹിത 1973 (1974-ലെ 2)-ൻ കീഴിൽ പുറപ്പെടുവിക്കുന്ന ശോധന വാറൻറ് നടത്തുന്ന ഒരു പൊലീസ് ഉദ്യോഗസ്ഥൻ, ഒരു സ്ഥലം ശോധന ചെയ്യുകയോ പരിശോധിക്കുകയോ ചെയ്യുന്നത് സംബന്ധിച്ചുള്ള നിയമസംഹിതയിലെ വ്യവസ്ഥകൾ അനുവർത്തിക്കേണ്ടതാകുന്നു.

(6) ഏതെങ്കിലും ഭക്ഷ്യസാധനത്തിന്റെ നിർമ്മാതാവിന്റേയോ വിതരണക്കാരന്റേയോ വ്യാപാരിയുടേയോ കൈവശത്തിലോ ആ നിലയിൽ അയാളുടെ കൈവശമുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ, കണ്ടെത്തുന്നതും, ഏതിന്റെ കൈവശമാണോ അയാൾക്ക് ഭക്ഷ്യ ഇൻസ്പെക്ററർക്ക് ബോദ്ധ്യമാകുംവിധം വിശദീകരിക്കുവാൻ കഴിയാതിരിക്കുന്നത്, അങ്ങനെയുള്ളതുമായ ഏതെങ്കിലും മായംചേർക്കുന്ന വസ്തുവും, അയാളുടെ കൈവശത്തിലോ നിയന്ത്രണത്തിലോ കണ്ടെത്തുന്നതും, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും അന്വേഷണത്തിനോ നടപടിക്കോ ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ ഏതെങ്കിലും അക്കൗണ്ടുബുക്കുകളും മററു രേഖകളും ഭക്ഷ്യ ഇൻസ്പെക്ററർക്ക് പിടിച്ചെടുക്കാവുന്നതും, ആ മായം ചേർക്കുന്ന വസ്തുവിന്റെ സാമ്പിൾ വിശ്ലേഷണത്തിനായി പബ്ലിക്ക് അനലിസ്ററിനു സമർപ്പിക്കാവുന്നതും ആണ്:

എന്നാൽ, ഔദ്യോഗികമായി താൻ ഏതത് അധികാരസ്ഥാനത്തിന് കീഴിലാണോ, ആ അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോട് കൂടിയല്ലാതെ, ഭക്ഷ്യ ഇൻസ്പെക്ററർ, അങ്ങനെയുള്ള യാതൊരു അക്കൗണ്ടുബുക്കുകളും അല്ലെങ്കിൽ മററു രേഖകളും പിടിച്ചെടുക്കാൻ പാടുള്ളതല്ല.

(7) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിനോ (2)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ (6)-ാം ഉപവകുപ്പിനോ കീഴിൽ, താൻ ഏതെങ്കിലും നടപടി എടുക്കുന്നിടത്ത്, ഭക്ഷ്യ ഇൻസ്പെക്ററർ, അങ്ങനെയുള്ള നടപടി

എടുക്കുന്ന സമയത്ത് സന്നിഹിതരായിരിക്കാൻ ഒന്നോ അതിലധികമോ ആളുകളെ വിളിക്കുകയും അയാളുടേയോ അവരുടേയോ ഒപ്പുകൾ എടുക്കുകയും ചെയ്യേണ്ടതാകുന്നു.

(7ക) (6)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും അക്കൗണ്ട് ബുക്കുകളോ മററു രേഖകളോ പിടിച്ചെടുക്കുന്നിടത്ത്, ഭക്ഷ്യ ഇൻസ്പെക്ടർ പിടിച്ചെടുക്കൽ തീയതി മുതൽ മുപ്പതുദിവസത്തിൽ കവിയാത്ത കാലാവധിക്കുള്ളിൽ, ആരിൽനിന്നാണോ അവ പിടിച്ചെടുക്കപ്പെട്ടത്, അയാൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ സർട്ടിഫൈ ചെയ്യുന്ന അവയുടെ പകർപ്പുകളോ, അവയിൽ നിന്നുള്ള എക്സ്ട്രാക്ററുകളോ എടുത്തതിനുശേഷം, അവ അയാൾക്ക് തിരിയെ കൊടുക്കേണ്ടതാകുന്നു :

എന്നാൽ, അയാൾ അപ്രകാരം സർട്ടിഫൈ ചെയ്യാൻ വിസമ്മതിക്കുകയും അയാൾക്കെതിരായി ഈ ആക്ററിൻകീഴിൽ പ്രോസിക്യൂഷൻ ആരംഭിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള അക്കൗണ്ടുബുക്കുകളോ മററു രേഖകളോ കോടതി സർട്ടിഫൈ ചെയ്തപ്രകാരമുള്ള അവയുടെ പകർപ്പുകളോ അവയിൽ നിന്നുള്ള എക്സ്ട്രാക്ററുകളോ എടുത്തതിനുശേഷം മാത്രമേ അയാൾക്ക് തിരിയെ കൊടുക്കാൻ പാടുള്ളൂ.

(7ഖ) (6)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും മായം ചേർക്കുന്ന വസ്തു പിടിച്ചെടുക്കുന്നിടത്ത്, അങ്ങനെയുള്ള മായം ചേർക്കുന്ന വസ്തു മായംചേർക്കലിന്റെ ആവശ്യങ്ങൾക്ക് ഉദ്ദേശിച്ചുള്ളതല്ലെന്ന് തെളിയിക്കേണ്ട ഭാരം അങ്ങനെയുള്ള മായം ചേർക്കുന്നവസ്തു ആരുടെ കൈവശത്തിൽനിന്നാണോ പിടിച്ചെടുത്തത്, അയാൾക്ക് ആയിരിക്കുന്നതാണ്.

(8) ആരിൽ നിന്നാണോ ഒരു സാമ്പിൾ എടുക്കുകയോ ഭക്ഷ്യസാധനം പിടിച്ചെടുക്കുകയോ ചെയ്യുന്നത്, അയാളുടെ യഥാർത്ഥമായ പേരും വാസസ്ഥലവും തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും ഭക്ഷ്യ ഇൻസ്പെക്ടർക്ക് ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-42ാം വകുപ്പിൻ കീഴിൽ ഒരു പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

(9) ഏതു ഭക്ഷ്യ ഇൻസ്പെക്ടറാണോ ഈ ആക്ററിൻ കീഴിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കുകീഴിലേയോ അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ട്,—

(ക) ശല്യം ഉണ്ടാക്കുന്നവിധത്തിലും സംശയത്തിന് ന്യായമായ ഏതെങ്കിലും കാരണങ്ങൾ കൂടാതെയും ഏതെങ്കിലും ഭക്ഷ്യസാധനമോ മായം ചേർക്കുന്ന വസ്തുവോ പിടിച്ചെടുക്കുകയോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആൾക്ക് ക്ഷതികരമാകുംവിധം മറേറതെങ്കിലും കൃത്യം, തന്റെ കർത്തവ്യനിർവ്വഹണത്തിന് അങ്ങനെയുള്ള കൃത്യം ആവശ്യകമാണെന്ന് വിശ്വസിക്കാൻ കാരണമില്ലാതെ ചെയ്യുകയോ,

ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഭക്ഷ്യഇൻസ്പെക്ടർ, ഈ ആക്ററിൻകീഴിൽ കുററത്തിന് അപരാധി ആയിരിക്കുന്നതും, അങ്ങനെയുള്ള കുററത്തിന് അഞ്ഞൂറുരൂപയിൽ കുറയാത്തതും, എന്നാൽ ആയിരം രൂപയോളമാകാവുന്നതുമായ പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

11. (1) ഭക്ഷ്യ ഇൻസ്പെക്ററർമാർ അനുവർത്തിക്കേണ്ട നടപടി ക്രമം.— (1) ഭക്ഷ്യത്തിന്റെ ഒരു സാമ്പിൾ താൻ വിശ്ലേഷണത്തിനായി എടുക്കുമ്പോൾ, ഒരു ഭക്ഷ്യ ഇൻസ്പെക്ററർ—

(ക) ആ സാമ്പിൾ എടുത്തത് ആരിൽനിന്നാണോ, അയാൾക്കും, 14ക വകുപ്പിൻകീഴിൽ പേരും മേൽവിലാസവും മററുവിവരങ്ങളും വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ആൾ വല്ലവരുമുണ്ടെങ്കിൽ, അയാൾക്കും, അതു അപ്രകാരം വിശ്ലേഷണം ചെയ്യാനുള്ള തന്റെ ഉദ്ദേശ്യത്തെക്കുറിച്ച് അപ്പോൾ തന്നെയും അവിടെ വച്ചും ലിഖിതമായ നോട്ടീസ് നല്കേണ്ടതാകുന്നു ;

(ഖ) ഈ ആക്ററിൻകീഴിലെ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്ന പ്രത്യേക സംഗതികളിലൊഴികെ, സാമ്പിൾ അപ്പോൾ തന്നെയും അവിടെവച്ചും മൂന്നു ഭാഗങ്ങളായി വിഭജിക്കുകയും, ഓരോ ഭാഗവും അതിന്റെ പ്രകൃതം അനുവദിക്കുന്നവിധം ചിഹ്നമിടുകയും മുദ്രവയ്ക്കുകയോ ബന്ധിക്കുകയോ ചെയ്യുകയും, ആരിൽനിന്നാണോ സാമ്പിൾ എടുത്തിട്ടുള്ളത്, അയാളുടെ ഒപ്പോ വിരലടയാളമോ നിർണ്ണയിക്കപ്പെടുന്ന സ്ഥലത്തും നിർണ്ണയിക്കപ്പെടുന്നരീതിയിലും എടുക്കേണ്ടതും ആകുന്നു :

എന്നാൽ, അങ്ങനെയുള്ള ആൾ ഒപ്പിടാനോ തന്റെ വിരലടയാളം വയ്ക്കാനോ വിസമ്മതിക്കുന്നിടത്ത്, ഭക്ഷ്യ ഇൻസ്പെക്ററർ ഒന്നോ അതിലധികമോ സാക്ഷികളെ വിളിക്കേണ്ടതും, അയാളുടേയോ അവരുടേയോ, അതതു സംഗതിപോലെ, ഒപ്പോ വിരലടയാളമോ അങ്ങനെയുള്ള ആളുടെ ഒപ്പിനോ വിരലടയാളത്തിനോ പകരമായി എടുക്കേണ്ടതും ആകുന്നു ;

(ഗ) (i) ആ ഭാഗങ്ങളിൽ ഒന്ന് തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന് അറിവ് നല്കിക്കൊണ്ട് വിശ്ലേഷണത്തിനായി പബ്ലിക് അനാലിസ്ററിനു അയച്ചുകൊടുക്കുകയും,

(ii) ബാക്കി രണ്ടു ഭാഗങ്ങൾ, ഈ വകുപ്പിലെ (2)-ാം ഉപവകുപ്പിന്റേയും 13-ാം വകുപ്പിലെ (2ക)യും (2ഖ)യും ഉപവകുപ്പുകളുടെയും ആവശ്യങ്ങൾക്കായി, തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിനു അയച്ചുകൊടുക്കുകയും ;

ചെയ്യേണ്ടതാകുന്നു.

(2) (1)–ാം ഉപവകുപ്പ് (ഗ) ഖണ്ഡം (i)–ാം ഉപഖണ്ഡത്തിൻകീഴിൽ പബ്ലിക് അനലിസ്ററിനു അയച്ചുകൊടുത്ത സാമ്പിൾ ഭാഗം നഷ്ടപ്പെടുകയോ, അതിന് നാശനഷ്ടം സംഭവിക്കുകയോ ചെയ്യുന്നിടത്ത്, തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനം, അതിനു മുൻപറഞ്ഞ (ഗ) ഖണ്ഡം (ii)–ാം ഉപഖണ്ഡത്തിൻ കീഴിൽ അയച്ചുകൊടുത്ത സാമ്പിൾ ഭാഗങ്ങളിൽ ഒന്ന് പബ്ലിക് അനലിസ്ററോ ഭക്ഷ്യ ഇൻസ്പെക്ററോ, അതിനോട് ആവശ്യപ്പെടുന്നതിന്മേൽ, വിശ്ലേഷണത്തിനായി പബ്ലിക് അനലിസ്ററിന് അയയ്ക്കേണ്ടതാകുന്നു.

(3) 10–ാം വകുപ്പ് (1)–ാം ഉപവകുപ്പിനോ, (2)–ാം ഉപവകുപ്പിനോ കീഴിൽ ഏതെങ്കിലും ഭക്ഷ്യസാധനത്തിന്റേയോ മായം ചേർക്കുന്ന വസ്തുവിന്റേയോ സാമ്പിൾ എടുക്കുമ്പോൾ ഭക്ഷ്യ ഇൻസ്പെക്ററർ, സാമ്പിൾ എടുക്കുന്നതിന് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ച് തൊട്ടു പിന്നത്തെ പ്രവൃത്തിദിവസത്തോടെ, അതതുസംഗതിപോലെ, ആ ഭക്ഷ്യസാധനത്തിന്റേയോ മായം ചേർക്കുന്ന വസ്തുവിന്റേയോ രണ്ടിന്റേയുമോ സാമ്പിൾ ബന്ധപ്പെട്ട തദ്ദേശപ്രദേശത്തെ പബ്ലിക് അനലിസ്ററിന് അയച്ചുകൊടുക്കേണ്ടതാകുന്നു.

(4) 10-ാം വകുപ്പ് (4ക) ഉപവകുപ്പിൻകീഴിൽ നശിപ്പിക്കപ്പെടാത്ത പക്ഷം, ആ വകുപ്പു (4)-ാം ഉപവകുപ്പിൻകീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഭക്ഷ്യസാധനവും, ആ വകുപ്പു (6)-ാം ഉപവകുപ്പിൻ കീഴിൽ പിടിച്ചെടുക്കപ്പെടുന്ന ഏതെങ്കിലും മായം ചേർക്കുന്ന വസ്തുവും, കഴിയുന്നത്ര വേഗത്തിലും, ഏത്

സംഗതിയിലും പബ്ലിക് അനലിസ്ററിൻെറ റിപ്പോർട്ട് കിട്ടിയതിനുശേഷം ഏഴുദിവസത്തിന് പിൻപല്ലാതേയും, ഒരു മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു:

എന്നാൽ, ആരിൽനിന്നാണോ ഏതെങ്കിലും ഭക്ഷ്യസാധനം പിടിച്ചെടുത്തിട്ടുള്ളത്, അയാരം മജിസ്ട്രേററിൻെറ മുമ്പാകെ ഇതിലേക്ക് ഒരു അപേക്ഷ കൊടുക്കുന്നുവെങ്കിൽ, മജിസ്ട്രേററ്, ലിഖിതമായ ഉത്തരവുവഴി, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ തൻെറ മുമ്പാകെ അങ്ങനെയുള്ള സാധനം ഹാജരാക്കാൻ ഭക്ഷ്യ ഇൻസ്പെക്ററോട് നിദേശിക്കേണ്ടതാകുന്നു.

(5) ആവശ്യകരമെന്നു താൻ കരുതുന്ന തെളിവു എടുത്തതിനുശേഷം, മജിസ്ട്രേററിനു—

(ക) (4)-ാം ഉപവകുപ്പിൻ കീഴിൽ തൻെറ മുമ്പാകെ ഹാജരാക്കിയ ഭക്ഷ്യസാധനം, മായം ചേർത്തതോ തെററായി മുദ്രകുത്തിയതോ ആണെന്ന് തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന്, അത്—

(i) അതതുസംഗതിപോലെ, കേന്ദ്രഗവൺമെൻറിലേക്കോ സ്റേററ് ഗവൺമെൻറിലേക്കോ തദ്ദേശാധികാരസ്ഥാനത്തേക്കോ കണ്ടുകെട്ടുന്നതിനോ ;

(ii) അത് മനുഷ്യഭക്ഷ്യമായി ഉപയോഗിക്കുന്നത് തടയാനായി, ഉടമസ്ഥൻേറയോ, ആരിൽനിന്നാണോ അതു പിടിച്ചെടുത്തത്, അയാളുടേയോ ചെലവിൻമേൽ നശിപ്പിക്കുന്നതിനോ ;

(iii) അതിൻെറ കബളിപ്പിക്കുന്ന പേരിൽ, അതു വീണ്ടും വില്പനക്കായി പ്രദർശിപ്പിക്കുകയോ ഭക്ഷ്യത്തിന് ഉപയോഗിക്കുകയോ ചെയ്യുന്നതു തടയത്തക്കവിധം വ്യയനം ചെയ്യുന്നതിനോ ;

(iv) ഉടമസ്ഥൻ ജാമ്യക്കാരോടുകൂടിയോ കൂടാതെയോ ഉള്ള ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന്മേൽ അതിൻെറ ശരിയായ പേരിൽ വില്ക്കപ്പെടുന്നതിനായോ, അല്ലെങ്കിൽ ആ ഭക്ഷ്യസാധനം പുന:പ്രക്രിയയ്ക്കുശേഷം, മനുഷ്യോപഭോഗത്തിനുള്ള നിർണ്ണയിക്കപ്പെടുന്ന മാനകങ്ങരംക്ക് അനുസൃതമാക്കപ്പെടാൻ കഴിയുന്നതാണെന്ന് മജിസ്ട്രേററിന് ബോദ്ധ്യപ്പെടുന്നിടത്ത്, ഉത്തരവിൽ വിനിർദ്ദേശിക്കപ്പെടുന്ന ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൻകീഴിലുള്ള പുന:പ്രക്രിയയ്ക്കുശേഷം വില്ക്കപ്പെടുന്നതിനായോ ഉടമസ്ഥന് തിരിയെ കൊടുക്കുന്നതിനോ ;

ഉത്തരവുചെയ്യാവുന്നതാണ് ;

(ഖ) 10-ാം വകുപ്പ് (6)-ാം ഉപവകുപ്പിൻ കീഴിൽ പിടിച്ചെടുക്കുകയും, തൻെറ മുമ്പാകെ ഹാജരാക്കുകയും ചെയ്ത മായംചേർക്കുന്ന വസ്തു, പ്രത്യക്ഷത്തിൽ മായംചേർക്കുന്ന ആവശ്യങ്ങരംക്ക് ഉപയോഗിക്കപ്പെടാവുന്ന തരത്തിലുള്ളതും, ഏതിൻെറ കൈവശമാണോ അതതുസംഗതിപോലെ, നിർമ്മാതാവിനോ വിതരണക്കാരനോ വ്യാപാരിക്കോ തൃപ്തികരമാകുംവിധം വിശദീകരിക്കാൻ കഴിയാതിരിക്കുന്നത്, അങ്ങനെയുള്ളതും ആണെന്നു തോന്നുന്നുവെങ്കിൽ, അദ്ദേഹത്തിന്, അത്, അതതുസംഗതിപോലെ, കേന്ദ്രഗവൺമെൻറിലേയ്ക്കോ സ്റേററ് ഗവൺമെൻറിലേയ്ക്കോ തദ്ദേശാധികാരസ്ഥാനത്തേയ്ക്കോ കണ്ടുകെട്ടാൻ ഉത്തരവുചെയ്യാവുന്നതാണ്.

(6) മജിസ്ട്രേററിന്,—

(ക) അങ്ങനെയുള്ള ഏതെങ്കിലും ഭക്ഷ്യസാധനം മായം ചേർത്തതല്ലെന്നോ ;

(ഖ) മായം ചേർക്കുന്ന വസ്തു ആണെന്നു കരുതപ്പെടാവുന്ന, അങ്ങനെയുള്ള ഏതെങ്കിലും മായം ചേർക്കുന്ന വസ്തു, മായം ചേർക്കുന്ന വസ്തു അല്ലെന്നോ ;

തോന്നുന്നുവെങ്കിൽ, ആരുടെ കൈവശത്തിൽനിന്നാണോ ആ സാധനം എടുത്തത്, ആ ആരംക്ക് അതു തിരിയെ കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ആരംക്ക് സ്റേററ് ഗവൺമെൻറ് ഇതിലേക്ക് നിദേശിക്കുന്ന ഫണ്ടിൽ നിന്ന് അയാരംക്ക് ഉണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടത്തിൽ കവിയാത്തതും ഉചിതമെന്നു മജിസ്ട്രേററിന് തോന്നുന്നതുമായ നഷ്ടപരിഹാരം നല്കുന്നത് മജിസ്ട്രേററിൻെറ സ്വവിവേകം ഉപയോഗിച്ച് ചെയ്യാവുന്നതായിരിക്കുന്നതും ആണ്.

12. <u>ക്രേതാവിന് ഭക്ഷ്യം വിശ്ലേഷണം ചെയ്യിക്കാമെന്ന്</u>.—ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, ഭക്ഷ്യ ഇൻസ്പെക്ററല്ലാത്ത ഏതെങ്കിലും ഭക്ഷ്യ സാധനക്രേതാവിനെ, നിർണ്ണയിക്കപ്പെടുന്ന ഫീസ് കൊടുത്ത് അങ്ങനെയുള്ള സാധനം പബ്ലിക് അനലിസ്ററിനെക്കൊണ്ട് വിശ്ലേഷണം ചെയ്യിക്കുകയും പബ്ലിക് അനാലിസ്ററിൽ നിന്ന് അയാളുടെ വിശ്ലേഷണം സംബന്ധിച്ച റിപ്പോർട്ട് വാങ്ങുകയും ചെയ്യുന്നതിൽനിന്ന്, തടയുന്നതായി കരുതപ്പെടുന്നതല്ല :

എന്നാൽ, വിലയ്ക്ക് വാങ്ങുന്ന സമയത്ത് അങ്ങനെയുള്ള ക്രേതാവ് അങ്ങനെയുള്ള സാധനം, അപ്രകാരം വിശ്ലേഷണം ചെയ്യിക്കാനുള്ള തൻെറ ഉദ്ദേശ്യം വിക്രേതാവിനെ അറിയിക്കേണ്ടതാകുന്നു :

എന്നുമാത്രമല്ല, 11-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലേയും (2)-ാം ഉപവകുപ്പിലേയും (3)-ാം ഉപവകുപ്പിലേയും വ്യവസ്ഥകരം, ആകുന്നത്ര, വിശ്ലേഷണത്തിനായി, ഭക്ഷ്യത്തിൻെറ സാമ്പിരം എടുക്കുന്ന ഭക്ഷ്യ ഇൻസ്പെക്ടറർക്ക് ബാധകമാകുന്നതുപോലെ, അങ്ങനെയുള്ള സാധനം അപ്രകാരം വിശ്ലേഷണം ചെയ്യിക്കാൻ ഉദ്ദേശിക്കുന്ന ഭക്ഷ്യസാധനക്രേതാവിന് ബാധകമായിരിക്കുന്നതാണ്:

എന്നുതന്നെയുമല്ല, ഭക്ഷ്യസാധനം മായം ചേർത്തതാണെന്ന് പബ്ലിക് അനലിസ്ററിൻെറ റിപ്പോർട്ട് കാണിക്കുന്നുവെങ്കിൽ, ക്രേതാവിന്, ഈ വകുപ്പിൻകീഴിൽ താൻ കൊടുത്ത ഫീസ് തിരിയെ കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

13. <u>പബ്ലിക് അനാലിസ്ററിൻെറ റിപ്പോർട്ട്</u>.—(1) പബ്ലിക് അനലിസ്ററ്, വിശ്ലേഷണത്തിനായി തനിക്കു സമർപ്പിക്കുന്ന ഏതെങ്കിലും ഭക്ഷ്യ സാധനത്തിൻെറ വിശ്ലേഷണ ഫലത്തിൻെറ റിപ്പോർട്ട് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന് നല്കേണ്ടതാകുന്നു.

(2) ഭക്ഷ്യസാധനം മായം ചേർത്തതാണെന്ന് (1)-ാം ഉപവകുപ്പിൻ കീഴിൽ, വിശ്ലേഷണഫലത്തിൻെറ റിപ്പോർട്ട് കിട്ടുന്നതിന്മേൽ, തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനം. ആരിൽനിന്നാണോ ഭക്ഷ്യസാധനത്തിൻെറ സാമ്പിരം എടുക്കപ്പെട്ടത്, അയാരംക്കും, 14ക വകുപ്പിൻകീഴിൽ പേരും മേൽ വിലാസവും മററു വിവരങ്ങളും വെളിപ്പെടുത്തപ്പെട്ട ആരെങ്കിലും ഉണ്ടെങ്കിൽ, അയാരംക്കും എതിരായി പ്രോസിക്യൂഷൻ ആരംഭിച്ചതിനുശേഷം, അതതുസംഗതി പോലെ, അങ്ങനെയുള്ള ആരംക്കോ ആളുകരംക്കോ വിശ്ലേഷണ ഫലത്തിൻെറ റിപ്പോർട്ടിൻെറ ഒരു പകർപ്പ് അവരിൽ ആരെങ്കിലും ഒരാരംക്കോ രണ്ടുപേർക്കുമോ തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനം സൂക്ഷിക്കുന്ന ഭക്ഷ്യസാധന സാമ്പിരം, കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലയിൽ വിശ്ലേഷണം ചെയ്തു

കിട്ടാനായി കോടതിക്ക് അപേക്ഷ കൊടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, റിപ്പോർട്ടിൻെറ പകർപ്പ് കിട്ടിയ തീയതി മുതൽ പത്തുദിവസത്തെ കാലാവധിക്കുള്ളിൽ അപ്രകാരം അപേക്ഷ കൊടുക്കാവുന്നതാണെന്ന്, അങ്ങനെയുള്ള ആളേയോ ആളുകളേയോ അറിയിച്ചുകൊണ്ട്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അയക്കേണ്ടതാകുന്നു.

(2ക) (2)-ാം ഉപവകുപ്പിൻകീഴിൽ, കോടതിക്ക് അപേക്ഷ കൊടുക്കുമ്പോൾ, കോടതി തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തോട്, ആ അധികാരസ്ഥാനം സൂക്ഷിക്കുന്ന സാമ്പിൾ ഭാഗമോ ഭാഗങ്ങളോ അയക്കാൻ ആവശ്യപ്പെടേണ്ടതും, അങ്ങനെ ആവശ്യപ്പെടുന്നതിന്മേൽ, ആ അധികാരസ്ഥാനം ആ സാമ്പിൾ ഭാഗമോ ഭാഗങ്ങളോ ആവശ്യപ്പെടൽ കിട്ടിയ തീയതി മുതൽ അഞ്ചു ദിവസത്തെ കാലാവധിക്കുള്ളിൽ കോടതിക്ക് അയക്കേണ്ടതും ആകുന്നു.

(2ഖ) (2ക) ഉപവകുപ്പിൻകീഴിൽ, തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിൽനിന്ന് സാമ്പിൾഭാഗമോ ഭാഗങ്ങളോ കിട്ടുന്നതിന്മേൽ, കോടതി ആദ്യമായി 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തതുപൊലേയുള്ള ചിഹ്നവും മുദ്രയും ബന്ധനവും ഭദ്രമായിരിക്കുന്നുവെന്നും, അതതുസംഗതിപോലെ, ഒപ്പിലോ വിരലടയാളത്തിലോ കൈയിടലുണ്ടായിട്ടില്ലെന്നും തിട്ടപ്പെടുത്തേണ്ടതും, അതതുസംഗതിപോലെ, സാമ്പിൾ ഭാഗമോ ഭാഗങ്ങളിലൊന്നോ കോടതിയുടെ സ്വന്തം മുദ്രവച്ച് കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലാ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതും, അതോടെ ഡയറക്ടർ സാമ്പിൾ ഭാഗം കിട്ടിയ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ വിശ്ലേഷണഫലം വിനിർദ്ദേശിച്ചുകൊണ്ട്, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ, ഒരു സർട്ടിഫിക്കററ് കോടതിക്ക് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(2ഗ) കോടതിക്ക് രണ്ടു സാമ്പിൾ ഭാഗങ്ങൾ അയച്ചുകൊടുത്തിരിക്കുകയും, കോടതി ഒരു സാമ്പിൾ ഭാഗം മാത്രം (2ഖ) ഉപവകുപ്പിൻകീഴിൽ കേന്ദ്രഭക്ഷ്യപരീക്ഷണശാലാഡയറക്ടർക്ക് അയച്ചുകൊടുത്തിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി പ്രായോഗികമായത്ര വേഗത്തിൽ, ബാക്കിയുള്ള ഭാഗം തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിനു തിരിയെ അയക്കേണ്ടതും, ആ അധികാരസ്ഥാനം, കേന്ദ്രഭക്ഷ്യ പരീക്ഷണശാലാ ഡയറക്ടററിൽനിന്നുള്ള സർട്ടിഫിക്കററ് കോടതിക്ക് കിട്ടിയതിനുശേഷം, ആ ഭാഗം നശിപ്പിക്കേണ്ടതും ആകുന്നു :

എന്നാൽ, കോടതി കേന്ദ്ര ഭക്ഷ്യ പരീക്ഷണശാലാ ഡയറക്ടർക്ക് അയച്ചുകൊടുത്ത സാമ്പിൾ ഭാഗം നഷ്ടപ്പെടുകയോ അതിനു നാശനഷ്ടം സംഭവിക്കുകയോ ചെയ്യുന്നിടത്ത്, കോടതി തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തോട്, അത്, സാമ്പിൾഭാഗം വച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ, അത് കോടതിക്ക് അയക്കാൻ ആവശ്യപ്പെടേണ്ടതും, അത് കിട്ടുന്നതിന്മേൽ കോടതി (2ഖ) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നടപടി തുടരേണ്ടതും ആകുന്നു :

(2ഘ) കേന്ദ്രഭക്ഷ്യ പരീക്ഷണശാലാ ഡയറക്ടറുടെ വിശ്ലേഷണഫല സർട്ടിഫിക്കററ് കിട്ടുന്നതുവരെ, കോടതി, പ്രാസിക്യൂഷൻ സംബന്ധിച്ച്, അതിൻെറ മുമ്പാകെ നിലവിലുള്ള നടപടികൾ തുടരാൻ പാടുള്ളതല്ല.

(2ങ) ഭക്ഷ്യ ഇൻസ്പെക്ടറുടെ റിപ്പോർട്ട് വല്ലതുമുണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷമോ മററു പ്രകാരത്തിലോ (1)-ാം ഉപവകുപ്പിൻ കീഴിൽ പബ്ലിക് അനലിസ്ററ് നല്കിയ റിപ്പോർട്ട് തെററായതാണെന്ന് തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന് അഭിപ്രായമുണ്ടെങ്കിൽ, ആ അധികാരസ്ഥാനം അതു സൂക്ഷിക്കുന്ന സാമ്പിൾ ഭാഗങ്ങളിൽ ഒന്ന്, മറേറതെങ്കിലും പബ്ലിക് അനലിസ്ററിന് വിശ്ലേഷണത്തിനായി അയക്കേണ്ടതും, ആ

മറേറ പബ്ലിക് അനലിസ്ററിനാലുള്ള ആ സാമ്പിം ഭാഗത്തിൻെറ വിശ്ലേഷണത്തിൻെറ ഫലത്തിൻെറ റിപ്പോർട്ട്, ആ ഭക്ഷ്യസാധനം മായം ചേർത്തതാണെന്ന അർത്ഥത്തിലുള്ളതാണെങ്കിൽ, (2) മുതൽ (2ഘ) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ആകുന്നത്ര ബാധകമായിരിക്കുന്നതുമാണ്.

(3) കേന്ദ്രഭക്ഷ്യ പരീക്ഷണശാലാ ഡയറക്ടർ (2ഖ) ഉപവകുപ്പിൻകീഴിൽ നല്കുന്ന സർട്ടിഫിക്കററ് പബ്ലിക് അനലിസ്ററ് (1)-ാം ഉപവകുപ്പിൻകീഴിൽ നല്കുന്ന റിപ്പോർട്ടിനെ പുറംതള്ളുന്നതാകുന്നു.

(4) (2ഖ) ഉപവകുപ്പിൻകീഴിൽ, കേന്ദ്രഭക്ഷ്യ പരീക്ഷണശാലാ ഡയറക്ടററിൽനിന്ന് ലഭിച്ച ഒരു സർട്ടിഫിക്കററ്, ഈ ആക്ററിൻകീഴിലേയോ, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 272 മുതൽ 276 വരെവകുപ്പുകൾക്ക് കീഴിലേയോ ഏതെങ്കിലും നടപടിയിൽ ഹാജരാക്കുന്നിടത്ത്, അങ്ങനെയുള്ള നടപടിയിൽ വിശ്ലേഷണത്തിനായി എടുത്ത ഭക്ഷ്യസാമ്പിളിൻെറ ഏതെങ്കിലും ഭാഗം ഹാജരാക്കുന്നത് ആവശ്യകമല്ല.

(5) (3)-ാം ഉപവകുപ്പിൻകീഴിൽ പുറംതള്ളപ്പെട്ടിട്ടില്ലാത്തപക്ഷം ഒരു പബ്ലിക് അനലിസ്ററ് ഒപ്പിട്ട ഒരു റിപ്പോർട്ടാണെന്ന് കരുതപ്പെടാവുന്ന ഏതെങ്കിലും രേഖയോ, കേന്ദ്ര ഭക്ഷ്യപരീക്ഷണശാലാഡയറക്ടർ ഒപ്പിട്ട സർട്ടിഫിക്കററാണെന്ന് കരുതപ്പെടാവുന്ന ഏതെങ്കിലും രേഖയോ, അതിൽ പ്രസ്താവിക്കുന്ന വസ്തുതകളുടെ തെളിവായി ഈ ആക്ററിൻകീഴിലേയോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 272 മുതൽ 276 വരെയുള്ള വകുപ്പുകൾക്ക് കീഴിലേയോ ഏതെങ്കിലും നടപടിയിൽ ഉപയോഗിക്കാവുന്നതാണ്:

എന്നാൽ, കേന്ദ്രപരീക്ഷണശാലാ ഡയറക്ടർ ഒപ്പിട്ട സർട്ടിഫിക്കററായി കരുതപ്പെടാവുന്ന [16-ാം വകുപ്പ് (1ക) ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിൽ പരാമർശിക്കുന്ന ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ സാമ്പിം ഭാഗത്തിൻെറ വിശ്ലേഷണം സംബന്ധിച്ച സർട്ടിഫിക്കററല്ലാത്ത], ഏതെങ്കിലും രേഖ, അതിൽ പ്രസ്താവിക്കുന്ന വസ്തുതകൾ സംബന്ധിച്ച് അന്തിമവും നിശ്ചായകവുമായ തെളിവായിരിക്കുന്നതാണ്.

വിശദീകരണം.— ഈ വകുപ്പിലും 16-ാം വകുപ്പു (1)-ാം ഉപവകുപ്പു (ച) ഖണ്ഡത്തിലും "കേന്ദ്രഭക്ഷ്യപരീക്ഷണശാലാ ഡയറക്ടററി"ൽ ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, കേന്ദ്രഗവൺമെൻറ് അംഗീകരിക്കുന്ന ഏതെങ്കിലും ഭക്ഷ്യപരീക്ഷണശാലയുടെ തൽസമയത്തെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ (എന്തു ഉദ്യോഗപ്പേരിൽ അറിയപ്പെട്ടാലും) ഉൾപ്പെടുന്നതാണ്.

പലവക

14. <u>നിർമ്മാതാക്കളും വിതരണക്കാരും വ്യാപാരികളും വാറൻറി നല്കണമെന്ന്</u>.—ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ യാതൊരു നിർമ്മാതാവും, അല്ലെങ്കിൽ വിതരണക്കാരനും, അല്ലെങ്കിൽ അതിലെ യാതൊരു വ്യാപാരിയും ഏതെങ്കിലും വിക്രേതാവിന്, അങ്ങനെയുള്ള സാധനം, അയാൾക്ക് അതിൻെറ പ്രകൃതത്തേയും ക്വാളിററിയേയും കുറിച്ച് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ള ലിഖിതമായ വാറൻറി നല്കുകയുംകൂടി ചെയ്യാത്തപക്ഷം വില്ക്കാൻ പാടുള്ളതല്ല:

എന്നാൽ, ഏതെങ്കിലും ഭക്ഷ്യസാധനം സംബന്ധിച്ച് അങ്ങനെയുള്ള സാധനത്തിൻെറ നിർമ്മാതാവോ വിതരണക്കാരനോ അല്ലെങ്കിൽ അതിലെ വ്യാപാരിയോ അതിൻെറ വിക്രേതാവിന് നല്കുന്ന ബില്ലോ കാഷ്മെമ്മോറണ്ടമോ ഇൻവായിസോ അങ്ങനെയുള്ള നിർമ്മാതാവോ വിതരണക്കാരനോ വ്യാപാരിയോ ഈ വകുപ്പിൻ കീഴിൽ നല്കുന്ന വാറൻറി ആയി കരുതപ്പെടുന്നതല്ല.

വിശദീകരണം.— ഈ വകുപ്പിലും, 19-ാം വകുപ്പ് (2)-ാം ഉപവകുപ്പിലും, 20ക വകുപ്പിലും 'വിതരണക്കാരൻ' എന്ന പദത്തിൽ കമ്മീഷൻ ഏജൻറ് ഉൾപ്പെടുന്നതാകുന്നു.

14ക. ഭക്ഷ്യസാധനം ആരിൽ നിന്നാണോ വാങ്ങിയത്, അയാളുടെ പേര് മുതലായവ വിക്രേതാവ് വെളിപ്പെടുത്തണമെന്ന്.—ഒരു ഭക്ഷ്യസാധനത്തിൻെറ ഏതൊരു വിക്രേതാവും, ആ ഭക്ഷ്യസാധനം അയാൾ ആരിൽനിന്നാണോ വാങ്ങിയത്, അയാളുടെ പേരും മേൽവിലാസവും മററുവിവരങ്ങളും ഭക്ഷ്യ ഇൻസ്പെക്ടറർക്ക്, വെളിപ്പെടുത്തിക്കൊടുക്കണമെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ, അപ്രകാരം ചെയ്യേണ്ടതാകുന്നു.

15. ഭക്ഷ്യവിഷബാധ അറിയിക്കൽ.— കേന്ദ്രഗവൺമെൻറിനോ സ്റേററ്ഗവൺമെൻറിനോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും തദ്ദേശപ്രദേശത്ത്, തങ്ങളുടെ വൃത്തി നടത്തിക്കൊണ്ടിരിക്കുന്ന ചികിത്സകന്മാരോട് തങ്ങളുടെ അറിവിൽവരുന്ന എല്ലാ ഭക്ഷ്യവിഷബാധാസംഭവങ്ങളും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്.

16. ദണ്ഡനങ്ങൾ.— (1) (1ക) ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും ആൾ—

(ക) താൻതന്നെയോ തനിക്കുവേണ്ടി മറേറതെങ്കിലും ആൾ മുഖേനയോ ആയാലും—

(i) 2-ാം വകുപ്പ് (1ക) ഖണ്ഡം (ഡ) ഉപഖണ്ഡത്തിൻെറ അർത്ഥത്തിൽ മായം ചേർത്തതോ ആ വകുപ്പ് (IX)-ാം ഖണ്ഡത്തിൻെറ അർത്ഥത്തിൽ തെററായി മുദ്ര കുത്തിയതോ, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥയ്ക്കു കീഴിലോ, അല്ലെങ്കിൽ ഭക്ഷ്യ (ആരോഗ്യ) അധികാരസ്ഥാനത്തിൻെറ ഒരു ഉത്തരവിനാലോ വില്പന നിരോധിക്കപ്പെട്ടതോ ആയ ഏതെങ്കിലും ഭക്ഷ്യസാധനമോ—

(ii) ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഭക്ഷ്യസാധനമല്ലാത്ത ഏതെങ്കിലും ഭക്ഷ്യസാധനമോ,

ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുകയോ, വില്പനയ്ക്കായി നിർമ്മിക്കുകയോ, സ്റേറാർ ചെയ്യുകയോ, വില്ക്കുകയോ വിതരണം ചെയ്യുകയോ; അല്ലെങ്കിൽ

(ഖ) ആരോഗ്യത്തിന് ക്ഷതികരമല്ലാത്ത ഏതെങ്കിലും മായം ചേർക്കുന്ന വസ്തു, താൻതന്നെയോ തനിക്കുവേണ്ടി മറേറതെങ്കിലും ആൾ മുഖേനയോ ആയാലും, ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുകയോ വില്പനയ്ക്കായി, നിർമ്മിക്കുകയോ സ്റേറാർ ചെയ്യുകയോ വില്ക്കുകയോ വിതരണം ചെയ്യുകയോ; അല്ലെങ്കിൽ

(ഗ) ഈ ആക്ററ് പ്രാധികാരപ്പെടുത്തുന്ന പ്രകാരം സാമ്പിൾ എടുക്കുന്നതിൽനിന്ന് ഒരു ഭക്ഷ്യ ഇൻസ്പെക്ടററെ തടയുകയോ; അല്ലെങ്കിൽ

(ഘ) ഈ ആക്ററോ, അതിൻകീഴിലോ തനിക്കു നല്കുന്ന മറേറതെങ്കിലും അധികാരം പ്രയോഗിക്കുന്നതിൽനിന്ന് ഒരു ഭക്ഷ്യ ഇൻസ്പെക്ടററെ തടയുകയോ; അല്ലെങ്കിൽ

(ങ) ഒരു ഭക്ഷ്യസാധനത്തിൻെറ നിർമ്മാതാവായിരിക്കെ, ആരോഗ്യത്തിന് ക്ഷതികരമല്ലാത്ത ഏതെങ്കിലും മായം ചേർക്കുന്ന വസ്തു അയാളുടെ കൈവശത്തിലോ, അയാളുടെ കൈവശമുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ ഉണ്ടായിരിക്കുകയോ ; അല്ലെങ്കിൽ

(ച) കേന്ദ്ര ഭക്ഷ്യപരീക്ഷണശാലാ ഡയറക്ററോ, പബ്ലിക്ക് അനലിസ്ററോ നടത്തിയ ഒരു പരീക്ഷണത്തിൻേറയോ വിശ്ലേഷണത്തിൻേറയോ ഏതെങ്കിലും റിപ്പോർട്ടോ സർട്ടിഫിക്കററോ, അതിൻെറ ഏതെങ്കിലും എക്സ്ട്രാക്ററോ ഏതെങ്കിലും ഭക്ഷ്യസാധനം പരസ്യം ചെയ്യുന്ന ആവശ്യത്തിനായി ഉപയോഗിക്കുകയോ; അല്ലെങ്കിൽ

(ഛ) താൻതന്നെയോ തനിക്കുവേണ്ടി മറെറാരാൾ മുഖേനയോ അയാൾ വിക്രേതാവിന് വില്ക്കുന്ന ഏതെങ്കിലും ഭക്ഷ്യസാധനം സംബന്ധിച്ച് ലിഖിതമായ വ്യാജ വാറൻറി നല്കുകയോ;

ചെയ്യുന്നുവെങ്കിൽ, അയാൾ 6–ാംവകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ, താൻ അർഹനായേക്കാവുന്ന, ദണ്ഡനത്തിനു പുറമേ, ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ മൂന്നുവർഷത്തോളമാകാവുന്നതുമായ കാലത്തെ തടവുശിക്ഷയും ആയിരം രൂപയിൽ കുറയാൻ പാടില്ലാത്ത പിഴ ശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

എന്നാൽ—

(i) കുററം, (ക) ഖണ്ഡം (1)–ാം ഉപഖണ്ഡത്തിൻകീഴിൽ ഉള്ളതും മനുഷ്യപ്രവർത്തനം മൂലം മായം ചേർക്കപ്പെട്ട പ്രാഥമിക ഭക്ഷ്യമായ ഭക്ഷ്യസാധനം സംബന്ധിച്ചോ അല്ലെങ്കിൽ (2)–ാം വകുപ്പ് (IX)–ാം ഖണ്ഡം (ട) ഉപഖണ്ഡത്തിൻെറ അർത്ഥത്തിൽ തെററായി മുദ്ര കുത്തിയ ഭക്ഷ്യസാധനം സംബന്ധിച്ചോ ഉള്ളതും ആണെങ്കിലോ; അല്ലെങ്കിൽ

(ii) കുററം (ക) ഖണ്ഡം (ii)–ാം ഉപഖണ്ഡത്തിൻകീഴിലുള്ളതും എന്നാൽ, 23–ാംവകുപ്പ് (1ക) ഉപവകുപ്പ് (ഖ) ഖണ്ഡത്തിനോ (ഛ) ഖണ്ഡത്തിനോ കീഴിലോ 24–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിലോ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിൻെറ ഉല്ലംഘനം സംബന്ധിച്ചുള്ള കുററമല്ലാത്തതും ആണെങ്കിലോ ;

കോടതിക്ക് വിധിന്യായത്തിൽ പറഞ്ഞിരിക്കേണ്ട പര്യാപ്തവും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ മൂന്നുമാസത്തിൽ കുറയാൻ പാടില്ലാത്തതും, എന്നാൽ രണ്ടുവർഷത്തോളമാകാവുന്നതുമായ കാലത്തെ തടവിനും അഞ്ഞൂറു രൂപയിൽ കുറയാൻ പാടില്ലാത്ത പിഴയ്ക്കും ഉള്ള ശിക്ഷാവിധി ചുമത്താവുന്നതാണ് :

എന്നുമാത്രമല്ല, കുററം (ക) ഖണ്ഡം (ii)–ാം ഉപഖണ്ഡത്തിൻകീഴിലുള്ളതും, 23–ാം വകുപ്പ് (1ക) ഉപവകുപ്പ് (ക) ഖണ്ഡത്തിനോ (ഛ) ഖണ്ഡത്തിനോ കീഴിലോ, 24–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻ കീഴിലോ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിൻെറ ഉല്ലംഘനം സംബന്ധിച്ചുള്ളതും ആണെങ്കിൽ, കോടതിക്ക്, വിധിന്യായത്തിൽ പറഞ്ഞിരിക്കേണ്ട കാരണങ്ങളാൽ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവിനും അഞ്ഞൂറുരൂപയോളമാകാവുന്ന പിഴക്കും ഉള്ള ശിക്ഷാവിധി ചുമത്താവുന്നതാണ്,

(1ക) ഏതെങ്കിലും ആരം, താൻ തന്നെയോ തനിക്കുവേണ്ടി മറേറതെങ്കിലും ആരം മുഖേനയോ ആയാലും,

(i) 2–ാം വകുപ്പ് (1ക) ഖണ്ഡത്തിലെ (ങ) മുതൽ (ഠ) വരെയുള്ള (രണ്ടും ഉൾപ്പെടെ) ഉപഖണ്ഡങ്ങളിൽ ഏതിന്റേറയെങ്കിലും അർത്ഥത്തിൽ മായം ചേർത്ത ഏതെങ്കിലും ഭക്ഷ്യസാധനമോ; അല്ലെങ്കിൽ

(ii) ആരോഗ്യത്തിന് ക്ഷതികരമായ ഏതെങ്കിലും മായംചേർക്കുന്ന വസ്തുവോ;

ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയോ, വില്പനക്കായി നിർമ്മിക്കുകയോ, സ്റേറാർ ചെയ്യുകയോ, വില്ക്കുകയോ, വിതരണം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അയാരം, 6–ാം വകുപ്പിലെ വ്യവസ്ഥകരംക്ക് കീഴിൽ, താൻ അർഹനായേക്കാവുന്ന ദണ്ഡനത്തിന് പുറമേ, ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതും, എന്നാൽ ആറു വർഷത്തോളമാകാവുന്നതുമായ കാലത്തെ തടവുശിക്ഷയും രണ്ടായിരം രൂപയിൽ കുറയാൻ പാടില്ലാത്ത പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, അയാരം, അങ്ങനെയുള്ള ഭക്ഷ്യസാധനമോ മായം ചേർക്കുന്ന വസ്തുവോ ഏതെങ്കിലും ആളാൽ ഉപഭുജിക്കപ്പെടുന്നപക്ഷം, അയാളുടെ മരണം സംഭവിപ്പിക്കാനിടയുള്ളതോ, അല്ലെങ്കിൽ അയാളുടെ ദേഹത്തിൻമേൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860–ലെ 45) 320–ാം വകുപ്പിന്റെ അർത്ഥത്തിൽ കഠിനമായ ദേഹോപദ്രവമാകത്തക്ക ഹാനി ഉളവാക്കാനിടയുള്ളതോ ആണെങ്കിൽ, മൂന്നുവർഷത്തിൽ കുറയാൻ പാടില്ലാത്തതും, എന്നാൽ ജീവപര്യന്തത്തോളം ആകാവുന്നതുമായ കാലത്തെ തടവുശിക്ഷയും അയ്യായിരം രൂപയിൽ കുറയാൻ പാടില്ലാത്ത പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1കക) ആരുടെ സുരക്ഷിതമായ കസ്ററഡിയിലാണോ ഏതെങ്കിലും ഭക്ഷ്യസാധനം 10–ാം വകുപ്പ് (4)–ാം ഉപവകുപ്പിൻകീഴിൽ വച്ചിട്ടുണ്ടായിരുന്നത്, അയാരം അങ്ങനെയുള്ള ഭക്ഷ്യസാധനത്തിൽ കൈകടത്തുകയോ മറേറതെങ്കിലും രീതിയിൽ ഇടപെടുകയോ ചെയ്യുന്നുവെങ്കിൽ, അയാരം, ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ രണ്ടുവർഷത്തോളമാകാവുന്നതുമായ കാലത്തെ തടവുശിക്ഷയും ആയിരം രൂപയിൽ കുറയാൻപാടില്ലാത്ത പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1ഖ) ആരുടെ സുരക്ഷിതമായ കസ്ററഡിയിലാണോ ഏതെങ്കിലും ഭക്ഷ്യസാധനം, 10–ാം വകുപ്പ് (4)–ാം ഉപവകുപ്പിൻകീഴിൽ വച്ചിട്ടുണ്ടായിരുന്നത്, അയാരം അങ്ങനെയുള്ള സാധനം വില്ക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുകയും, ഏതു മജിസ്ട്രേററിന്റെ മുമ്പാകെയാണോ അതു ഹാജരാക്കുന്നത്, ആ മജിസ്ട്രേററിനാൽ അതു 2–ാം വകുപ്പു (1ക) ഖണ്ഡം (ജ) ഉപഖണ്ഡത്തിന്റെ അർത്ഥത്തിൽ മായം ചേർത്തതായി കാണപ്പെടുകയും, അതു, ഏതെങ്കിലും ആളാൽ ഉപഭുജിക്കപ്പെടുന്നപക്ഷം, അയാളുടെ മരണം സംഭവിപ്പിക്കാനിടയുള്ളതോ അല്ലെങ്കിൽ അയാളുടെ ദേഹത്തിൻമേൽ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)320-ാംവകുപ്പിന്റെ അർത്ഥത്തിൽ കഠിനമായ ദേഹോപദ്രവമാകത്തക്ക ഹാനി ഉളവാക്കാനിടയുള്ളതോ ആയിരിക്കുകയും ചെയ്യുന്നുവെങ്കിൽ (1കക) ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അയാരം മൂന്നുവർഷത്തിൽ കുറയാൻ പാടില്ലാത്തതും, എന്നാൽ ജീവപര്യന്തത്തോളമാകാവുന്നതും ആയ കാലത്തെ തടവുശിക്ഷയും അയ്യായിരം രൂപയിൽ കുറയാൻ പാടില്ലാത്ത പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1ഗ) ഏതെങ്കിലും ആരം 14–ാം വകുപ്പിലേയോ 14ക വകുപ്പിലേയോ വ്യവസ്ഥകരം ഉല്ലംഘിക്കുന്നുവെങ്കിൽ, അയാരം ആറു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയും അഞ്ഞൂറു രൂപയിൽ കുറയാൻ പാടില്ലാത്ത പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1ഗ) ഈ ആക്ററിൻകീഴിൽ ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആരം, പിന്നീട് സദൃശമായ ഒരു കുററം ചെയ്യുന്നുവെങ്കിൽ, ഏത് കോടതിമുമ്പാകെയാണോ രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുററസ്ഥാപനം ഉണ്ടാകുന്നത്, ആ കോടതിക്ക് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകാംക്ക് ഭംഗംവരാതെ, ഈ ആക്ററിൻകീഴിൽ അയാാംക്ക് ഏതെങ്കിലും ലൈസൻസ് നല്കപ്പെട്ടിട്ടുണ്ടെങ്കിൽ, അത് റദ്ദാക്കാൻ ഉത്തരവു ചെയ്യാവുന്നതും, അതോടെ അങ്ങനെയുള്ള ലൈസൻസ്, ഈ ആക്ററിലോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും റദ്ദായിരിക്കുന്നതുമാകുന്നു.

(2) ഈ ആക്ററിൻകീഴിൽ ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആരം പിന്നീട്, സദൃശമായ ഒരു കുററം ചെയ്യുന്നുവെങ്കിൽ, ഏതു കോടതി മുമ്പാകെയാണോ രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുററസ്ഥാപനം ഉണ്ടാകുന്നത്, ആ കോടതി, കുററക്കാരൻെറ പേരും താമസസ്ഥലവും, കുററവും, ചുമത്തിയ ദണ്ഡനവും കുററക്കാരൻെറ ചെലവിൽ കോടതി നിദേശിക്കുന്ന വർത്തമാനപ്പത്രങ്ങളിലോ മററു രീതിയിലോ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്, നിയമാനുസൃതമായിരിക്കുന്നതാണ്. അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതിൻെറ ചെലവ് കുററസ്ഥാപനത്തോട് ചേർന്ന ചെലവിൻെറ ഭാഗമായി കരുതപ്പെടുന്നതും, പിഴയെന്നപോലെ അതേ രീതിയിൽ വസൂലാക്കപ്പെടാവുന്നതായിരിക്കുന്നതുമാണ്.

16ക. <u>കേസുകാം സമ്മറിയായി വിചാരണ ചെയ്യാൻ കോടതിക്കുള്ള അധികാരം.</u>—ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെയടങ്ങിയിരുന്നാലും, 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലെ എല്ലാ കുററങ്ങളും, സ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനാലോ, മഹാനഗര മജിസ്ട്രേററിനാലോ, സമ്മറിയായി വിചാരണ ചെയ്യപ്പെടേണ്ടതും, അങ്ങനെയുള്ള വിചാരണയ്ക്ക് ആ നിയമസംഹിതയിലെ 262 മുതൽ 265 വരെയുള്ള (രണ്ടും ഉാംപ്പെടെ) വകുപ്പുകളിലെ വ്യവസ്ഥകാം, ആകുന്നത്ര, ബാധകമായിരിക്കുന്നതുമാണ് :

എന്നാൽ, ഈ വകുപ്പിൻകീഴിലെ ഒരു സമ്മറി വിചാരണയിലെ ഏതെങ്കിലും കുററസ്ഥാപനത്തിൻെറ സംഗതിയിൽ, മജിസ്ട്രേററ് ഒരു വർഷത്തിൽ കവിയാത്ത കാലത്തെ തടവിനുള്ള ശിക്ഷാവിധി പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പിൻകീഴിലെ ഒരു സമ്മറി വിചാരണയുടെ ആരംഭത്തിലോ അതിന്നിടയിലോ, ഒരു വർഷത്തിൽ കവിയുന്നകാലത്തെ തടവിനുള്ള ശിക്ഷാവിധി പാസ്സാക്കേണ്ടിവന്നേക്കാവുന്ന വിധമുള്ളതോ, അല്ലെങ്കിൽ മറേറതെങ്കിലും കാരണത്താൽ സമ്മറിയായി വിചാരണ ചെയ്യപ്പെടുന്നത് അഭിലഷണീയമല്ലാത്തവിധമുള്ളതോ ആണ് കേസിൻെറ സ്വഭാവമെന്ന് മജിസ്ട്രേററിനു തോന്നുന്നുവെങ്കിൽ, അദ്ദേഹം കക്ഷികാംക്ക് പറയാനുള്ളതു കേട്ടതിനുശേഷം, ആ അർത്ഥത്തിലുള്ള ഒരു ഉത്തരവു റിക്കാർഡാക്കുകയും, അതിനുശേഷം വല്ല സാക്ഷിയും വിസ്തരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയാളെ തിരിയെ വിളിക്കുകയും, ആ നിയമസംഹിത വ്യവസ്ഥ ചെയ്യുന്ന രീതിയിൽ കേസു കോംക്കുകയോ വീണ്ടും കോംക്കുകയോ ചെയ്യാൻ നടപടി തുടരുകയും ചെയ്യേണ്ടതാകുന്നു.

17. <u>കമ്പനികളാലുള്ള കുററങ്ങാം.</u>—(1) ഈ ആക്ററിൻകീഴിലെ ഒരു കുററം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്,—

(ക) (i) കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരിക്കാനോ കമ്പനിയോട് ഉത്തരവാദിയായിരിക്കാനോ (2)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ആരം ആരെങ്കിലുമുണ്ടെങ്കിൽ, അയാളും; അല്ലെങ്കിൽ,

(ii) യാതൊരാളും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, കുററം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരുന്നതോ കമ്പനിയോടു ഉത്തരവാദിയായിരുന്നതോ ആയ ഏതൊരാളും;

(ഖ) കമ്പനിയും;

ആ കുററത്തിനു അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതും ആകുന്നു:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, ആ കുററം ചെയ്യപ്പെട്ടത് തൻെറ അറിവു കൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നതു തടയാൻ താൻ വേണ്ട ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാരം തെളിയിക്കുന്നുവെങ്കിൽ, ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) ഏതെങ്കിലും കമ്പനിക്ക്, അതിൻെറ ഏതെങ്കിലും ഡയറക്ടർമാരേയോ മാനേജർമാരേയോ (അങ്ങനെയുള്ള മാനേജർ മുഖ്യമായി മാനേജരുടേതോ, മേൽനോട്ടം സംബന്ധിച്ചതോ ആയ നിലയിൽ നിയോജിക്കപ്പെട്ടതായിരിക്കെ) കമ്പനി ഈ ആക്ററിൻകീഴിൽ ഏതെങ്കിലും കുററം ചെയ്യുന്നതു തടയാൻ, ആവശ്യകമോ സമീചീനമോ ആയ എല്ലാ അധികാരങ്ങളും പ്രയോഗിക്കുകയും എല്ലാ നടപടികളും എടുക്കുകയും ചെയ്യാനായി, ലിഖിതമായ ഉത്തരവുവഴി, പ്രാധികാരപ്പെടുത്താവുന്നതും, കമ്പനി ഉത്തരവാദിയായ ആളായി അങ്ങനെയുള്ള ഡയറക്ടറേയോ മാനേജരേയോ നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്നുള്ള, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും ഉള്ള, നോട്ടീസ് തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന്, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുള്ള ഡയറക്ടറുടെയോ മാനേജറുടേയോ ലിഖിതമായ സമ്മതത്തോടുകൂടി, നല്കാവുന്നതും ആകുന്നു.

വിശദീകരണം.— ഒരു കമ്പനിക്ക് വ്യത്യസ്തസ്ഥാപനങ്ങളോ വ്യത്യസ്ത ശാഖകളോ വ്യത്യസ്ത യൂണിററുകളോ ഉള്ളിടത്ത്, വ്യത്യസ്തമായ സ്ഥാപനങ്ങളോ ശാഖകളോ യൂണിററുകളോ സംബന്ധിച്ച്, വ്യത്യസ്തരായ ആളുകളെ ഈ ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശം ചെയ്യാവുന്നതും, ഏതെങ്കിലും സ്ഥാപനമോ ശാഖയോ യൂണിററോ സംബന്ധിച്ച്, നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആരം, അങ്ങനെയുള്ള സ്ഥാപനമോ ശാഖയോ യൂണിററോ സംബന്ധിച്ച്, ഉത്തരവാദിയായ ആളായി കരുതപ്പെടുന്നതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആരം—

(i) അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കിക്കൊണ്ടുള്ള കൂടുതൽ നോട്ടീസ് കമ്പനിയിൽനിന്ന് തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന് കിട്ടുന്നതോ, അല്ലെങ്കിൽ

(ii) അതതുസംഗതിപോലെ, അയാരം കമ്പനിയുടെ ഡയറക്ററോ മാനേജരോ അല്ലാതായിത്തീരുന്നതോ, അല്ലെങ്കിൽ

(iii) അയാരം നാമനിർദ്ദേശം റദ്ദാക്കാനായി, കമ്പനിയെ അറിയിച്ചു കൊണ്ട് തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിന് ലിഖിതമായ അപേക്ഷ കൊടുക്കുന്നതോ, [തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനം ആ അപേക്ഷ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്]

ഇതിലേതാണു ആദ്യമായത്, അതുവരെ ഉത്തരവാദിയായ ആളായി തുടരുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ആരം, അതതുസംഗതിപോലെ, ഡയറക്ററോ മാനേജരോ അല്ലാതായിത്തീരുന്നിടത്ത്, അയാരം അങ്ങനെ അല്ലാതായിത്തീർന്ന വസ്തുത തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തെ അറിയിക്കേണ്ടതാകുന്നു:

എന്നുമാത്രമല്ല, അങ്ങനെയുള്ള ആരം (iii)-ാം ഖണ്ഡത്തിൻകീഴിൽ അപേക്ഷകൊടുക്കുന്നിടത്ത്, തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനം അങ്ങനെയുള്ള നാമനിർദ്ദേശം, അപേക്ഷ കൊടുത്ത തീയതിയ്ക്ക് മുമ്പുള്ള ഒരു തീയതി മുതൽ പ്രഭാവത്തിൽ വരത്തക്കവിധം റദ്ദാക്കാൻ പാടുള്ളതല്ല.

(4) മുൻപറഞ്ഞ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റിൻകീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുററം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ററുടേയോ മാനേജരുടേയോ സെക്രട്ടറിയുടെയോ മററ് ഉദ്യോഗസ്ഥൻേറയോ, [രണ്ടാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ആളല്ലാത്ത ആരം] സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതോ ആണെന്ന് തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ററോ മാനേജരോ സെക്രട്ടറിയോ മററ് ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങരംക്ക്—

(ക) ''കമ്പനി'' എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉരംപ്പെടുന്നതുമാകുന്നു;

(ഖ) ''ഡയറക്ററർ'' എന്നാൽ, ഒരു ഫേം സംബന്ധിച്ച് അതിലെ പങ്കാളി എന്നർത്ഥമാകുന്നു;

(ഗ) ''മാനേജർ'' എന്നതിൽ, ഹോട്ടൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കമ്പനി സംബന്ധിച്ച് അതിനാൽ മാനേജ് ചെയ്യപ്പെടുന്നതോ നടത്തപ്പെടുന്നതോ ആയ ഏതെങ്കിലും ഹോട്ടലിൻെറ കേററിങ്ങ് വകുപ്പിൻെറ ചാർജ്ജുള്ള ആരം ഉരംപ്പെടുന്നതാകുന്നു.

18. വസ്തു കണ്ടുകെട്ടൽ.—ഏതെങ്കിലും ആരം ഈ ആക്ററിലേയോ, അതിൻകീഴിലെ ഏതെങ്കിലും ചട്ടത്തിലേയോ, ഏതെങ്കിലും വ്യവസ്ഥകളുടെ ഉല്ലംഘനത്തിന്, ഈ ആക്ററിൻകീഴിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, ഏതു ഭക്ഷ്യസാധനം സംബന്ധിച്ചാണോ ഉല്ലംഘനം ചെയ്തിട്ടുള്ളത്, ആ ഭക്ഷ്യസാധനം ഗവൺമെൻറിലേക്കു കണ്ടുകെട്ടാവുന്നതാണ്:

എന്നാൽ, ആ ഭക്ഷ്യസാധനം പുനഃപ്രക്രിയയ്ക്കുശേഷം മനുഷ്യോപഭോഗത്തിനുള്ള നിർണ്ണയിക്കപ്പെടുന്ന മാനകങ്ങരംക്ക് അനുസൃതമാക്കപ്പെടാൻ കഴിയുന്നതാണെന്ന് ബോദ്ധ്യപ്പെടുന്നിടത്ത്, കോടതിക്ക് അത്, ഉടമസ്ഥൻ

ജാമ്യക്കാരോടുകൂടിയോ കൂടാതേയോ ഉള്ള ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിൻമേൽ, ഉത്തരവിൽ വിനിർദ്ദേശിക്കപ്പെടുന്ന ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൻകീഴിലുള്ള പുനഃപ്രക്രിയയ്ക്കുശേഷം, ഈ ആക്ററിലെ മററു വ്യവസ്ഥകഠക്ക് വിധേയമായി, വില്ക്കപ്പെടുന്നതിനായി ഉടമസ്ഥന് തിരിയെ കൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതാണ്.

19. ഈ ആക്ററിൻകീഴിലെ പ്രാസിക്യൂഷനിൽ അനുവദിക്കാവുന്നവയും അല്ലാത്തവയുമായ പ്രതിവാദങ്ങഠ.—(1) മായം ചേർത്തതോ തെററായി മുദ്രകുത്തിയതോ ആയ ഒരു ഭക്ഷ്യസാധനത്തിൻെറ വില്പന സംബന്ധിച്ച ഒരു കുററത്തിനുള്ള പ്രാസിക്യൂഷനിൽ, താൻ വിററ സാധനത്തിൻെറ പ്രകൃതത്തേയോ, ഉപാദാനവസ്തുവിനേയോ കാളിററിയേയോ കുറിച്ച്, വിക്രേതാവ് അജ്ഞനായിരുന്നുവെന്നോ, അല്ലെങ്കിൽ ഏതെങ്കിലും സാധനം വിശ്ലേഷണത്തിനായി ക്രേതാവ് വിലയ്ക്ക് വാങ്ങിയിരിക്കെ വില്പനയാൽ അയാഠക്ക് ദോഷമുണ്ടായിട്ടില്ലെന്നോ മാത്രം പറയുന്നത്, ഒരു പ്രതിവാദമായിരിക്കുന്നതല്ല.

(2) ഒരു വിക്രേതാവ്, മായം ചേർത്തതോ തെററായി മുദ്രകുത്തിയതോ ആയ ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ വില്പനസംബന്ധിച്ച ഒരു കുററം ചെയ്തിട്ടുണ്ടെന്ന്—

(ക) താൻ, ആ ഭക്ഷ്യസാധനം—

(i) അതിൻെറ വില്പനയ്ക്ക് ലൈസൻസ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ, മുറപ്രകാരം ലൈസൻസ് നല്കപ്പെട്ടിട്ടുള്ള ഒരു നിർമ്മാതാവിൽനിന്നും, അല്ലെങ്കിൽ വിതരണക്കാരിൽനിന്നും അല്ലെങ്കിൽ വ്യാപാരിയിൽനിന്നും;

(ii) മറേറതെങ്കിലും സംഗതിയിൽ, ഏതെങ്കിലും നിർമ്മാതാവിൽനിന്നും അല്ലെങ്കിൽ വിതരണക്കാരനിൽനിന്നും അല്ലെങ്കിൽ വ്യാപാരിയിൽനിന്നും,

നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ള ലിഖിതമായ വാറൻറിയോടുകൂടിയാണ് വിലയ്ക്ക് വാങ്ങിയതെന്നും;

(ഖ) തൻെറ കൈവശത്തിലായിരുന്നപ്പോഠ ഭക്ഷ്യസാധനം ശരിയായി സ്ററോർ ചെയ്യപ്പെട്ടിരുന്നുവെന്നും താൻ അത് വാങ്ങിയ അതേ സ്ഥിതിയിൽ വിററു എന്നും,

തെളിയിക്കുന്നുവെങ്കിൽ, കരുതപ്പെടുന്നതല്ല.

(3) 14-ാംവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള വാറൻറി കൊടുത്തതായി പറയപ്പെടുന്ന ഏതെങ്കിലും ആഠക്കും, ഹീയറിങ്ങിൽ ഹാജരാകുകയും തെളിവുകൊടുക്കുകയും ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

20. കുററങ്ങഠ നടപടിക്കെടുക്കലും അവയുടെ വിചാരണയും.—(1) ഈ ആക്ററിൻകീഴിൽ 14-ാംവകുപ്പിനോ 14ക വകുപ്പിനോ കീഴിലുള്ള കുററമല്ലാത്ത ഒരു കുററത്തിനുള്ള യാതൊരു പ്രാസിക്യൂഷനും, കേന്ദ്രഗവൺമെൻറിനാലോ സ്റേററ്ററ് ഗവൺമെൻറിനാലോ, അല്ലെങ്കിൽ കേന്ദ്രഗവൺമെൻേറാ സ്റേററ്ററ് ഗവൺമെൻേറാ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഇതിലേക്ക് പ്രാധികാരപ്പെടുത്തിയിട്ടുള്ള ഒരാളാലോ, അല്ലെങ്കിൽ ആ ഗവൺമെൻറിൻേറയോ ആളുടേയോ ലിഖിതമായ സമ്മതത്തോടുകൂടിയോ അല്ലാതെ ആരംഭിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, 12-ാംവകുപ്പിൽ പരാമർശിച്ച ഒരു ക്രേതാവിന്, പരാതിയോടൊപ്പം, അയാം പബ്ലിക് അനലിസ്ററിൻെറ റിപ്പോർട്ടിൻെറ ഒരു പകർപ്പ് കോടതിയിൽ ഹാജരാക്കുന്നുവെങ്കിൽ, ഈ ആക്ററിൻകീഴിൽ ഒരു കുററത്തിനുള്ള പ്രാസിക്യൂഷൻ, ആരംഭിക്കാവുന്നതാണ്.

(2) മഹാനഗര മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ് ജൂഡീഷ്യൽ ജിസ്ട്രേററിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം, വിചാരണചെയ്യുവാൻ പാടുള്ളതല്ല.

(3) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 16-ാംവകുപ്പ് (1കക) ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും ആയിരിക്കുന്നതാണ്.

20ക. നിർമ്മാതാവ് മുതലായവരെ കക്ഷി ചേർക്കാൻ കോടതിക്കുള്ള അധികാരം.—ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ നിർമ്മാതാവോ വിതരണക്കാരനോ വ്യാപാരിയോ അല്ലാത്ത ഏതെങ്കിലും ആൾ, ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന, ഈ ആക്ററിൻകീഴിലെ ഒരു കുററത്തിൻെറ വിചാരണയ്ക്കിടയിൽ ഏതെങ്കിലും സമയത്ത്, കോടതിക്ക് അതിൻെറ മുമ്പാകെ നല്കപ്പെട്ടിട്ടുള്ള തെളിവിൻമേൽ, അങ്ങനെയുള്ള നിർമ്മാതാവോ വിതരണക്കാരനോ വ്യാപാരിയോ കൂടി, ആ കുററവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന് 20-ാംവകുപ്പിലോ, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 319-ാംവകുപ്പ് (3)-ാംഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അയാൾക്കെതിരായി, 20-ാംവകുപ്പിൻകീഴിൽ ഒരു പ്രാസിക്യൂഷൻ ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ നടപടി എടുക്കാവുന്നതാണ്.

20കക. കുററക്കാരുടെ പ്രൊബേഷൻ ആക്ററ്, 1958-ൻേറയും ക്രിമിനൽ നടപടി നിയമസംഹിത, 360-ാംവകുപ്പിൻേറയും ബാധകത.—കുററക്കാരുടെ പ്രൊബേഷൻ ആക്ററ്, 1958(1958-ലെ 20)-ലോ ക്രിമിനൽ നടപടി നിയമസംഹിത, 1973(1974-ലെ 2)-ലെ 360-ാംവകുപ്പിലോ അടങ്ങിയ യാതൊന്നും, ഈ ആക്ററിൻകീഴിലെ ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്ന ആൾക്ക്, അയാൾ പതിനെട്ടുവയസ്സിൽ താഴെയുള്ള ആളല്ലാത്തപക്ഷം, ബാധകമായിരിക്കുന്നതല്ല.

21. വർദ്ധിപ്പിച്ച ദണ്ഡനങ്ങൾ ചുമത്താൻ മജിസ്ട്രേററിനുള്ള അധികാരം.—ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ 29-ാംവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും മഹാനഗര മജിസ്ട്രേററോ ഏതെങ്കിലും ഒന്നാംക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേററോ ആ വകുപ്പിൻകീഴിൽ തനിക്കുള്ള അധികാരങ്ങളിൽ കവിഞ്ഞു ജീവപര്യന്തത്തടവിനോ ആറുവർഷത്തിൽ കവിഞ്ഞ കാലത്തെ തടവിനോ ഉള്ള ശിക്ഷാവിധി ഒഴികെ ഈ ആക്ററ് പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ശിക്ഷാവിധി നല്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

22. ഉത്തമവിശ്വാസപൂർവ്വം എടുക്കപ്പെടുന്ന നടപടിയുടെ സംരക്ഷണം.—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്ക് എതിരായി, ഏതെങ്കിലും വ്യവഹാരവും, അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

22ക. നിദേശങ്ങൾ നല്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.— കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുമോ, അവയിൽ ഏതെങ്കിലുമോ നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച്, ആവശ്യകമെന്ന് അതു കരുതുന്ന നിദേശങ്ങൾ സ്റേററ് ഗവൺമെൻറിന് നല്കാവുന്നതും, സ്റേററ് ഗവൺമെൻറ് ആ നിദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.

23. ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.— (1) കേന്ദ്രഗവൺമെൻറിന്, കമ്മിററിയുമായി ആലോചിച്ചതിനുശേഷവും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷവും ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, കമ്മിററിയുമായി ആലോചിക്കാതെ, ചട്ടങ്ങൾ ഉണ്ടാക്കുന്നത് ആവശ്യകമാക്കുന്ന പരിതഃസ്ഥിതികൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് കേന്ദ്ര ഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അങ്ങനെയുള്ള ആലോചന വേണ്ടെന്ന് വയ്ക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ, ചട്ടങ്ങൾ ഉണ്ടാക്കിയതിൻെറ ആറുമാസത്തിനുള്ളിൽ കമ്മിററിയുമായി ആലോചിക്കേണ്ടതും, ആ ചട്ടങ്ങൾ ഭേദഗതിചെയ്യുന്നത് സംബന്ധിച്ച്, കമ്മിററി നല്കുന്ന ഏതെങ്കിലും അഭിപ്രായങ്ങൾ കേന്ദ്രഗവൺമെൻറ് പരിഗണനയിലെടുക്കേണ്ടതും ആകുന്നു.

(1ക) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപറയുന്ന എല്ലാ വിഷയങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) ഇറക്കുമതിക്ക് ലൈസൻസ് വേണ്ട ഭക്ഷ്യസാധനങ്ങളോ തരം ഭക്ഷ്യസാധനങ്ങളോ വിനിർദ്ദേശിക്കുകയും, അങ്ങനെയുള്ള ലൈസൻസിൻെറ ഫാറവും, ഉപാധികളും, അത് നല്കാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള അധികാരസ്ഥാനത്തേയും, അതിന് കൊടുക്കേണ്ട ഫീസും, ലൈസൻസിൻെറ ഉപാധികൾ നിർവ്വഹിക്കുന്നതിന് ജാമ്യമായി ഏതെങ്കിലും തുക നിക്ഷേപിക്കുന്നതും, അങ്ങനെയുള്ള ലൈസൻസോ ജാമ്യമോ റദ്ദാക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്ന പരിതഃസ്ഥിതികളും നിർണ്ണയിക്കുകയും ചെയ്യൽ;

(ഖ) ഏതെങ്കിലും ഭക്ഷ്യസാധനം സംബന്ധിച്ച് ക്വാളിററിയുടെ മാനകങ്ങൾ നിർവ്വചിക്കുകയും വ്യത്യാസപ്പെടുത്തുന്നതിന് അനുവദിക്കാവുന്ന പരിധികൾ നിജപ്പെടുത്തുകയും; ചെയ്യൽ;

(ഗ) കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഭക്ഷ്യസാധനത്തിൻേറയോ, തരം ഭക്ഷ്യസാധനങ്ങളുടേയോ ഉൽപാദനത്തിൻേറയും വിതരണത്തിൻേറയും വില്പനയുടേയും മേൽ കർശനമായ നിയന്ത്രണം ചുമത്തുന്ന പ്രത്യേക വ്യവസ്ഥകൾ,— അവ നിർമ്മിക്കപ്പെടുന്ന കെട്ടിടപരിസരങ്ങളുടെ രജിസ്ട്രേഷനും, കെട്ടിട പരിസരങ്ങൾ ശുചിയായ അവസ്ഥയിൽ വച്ചുപോരലും അങ്ങനെയുള്ള സാധനത്തിൻേറയോ തരം സാധനങ്ങളുടേയോ ഉൽപാദനവും വിതരണവും, വില്പനയുമായി ബന്ധപ്പെട്ട മനുഷ്യരെ ആരോഗ്യമുള്ളവരായി നിലനിറുത്തലും ഉൾപ്പെടെ— പ്രതിപാദിക്കൽ;

(ഘ) പൊതുജനങ്ങളേയോ ക്രേതാവിനേയോ കബളിപ്പിക്കുകയോ തെററിദ്ധരിപ്പിക്കുകയോ ചെയ്യുന്നത് തടയുകയോ, മായം ചേർക്കൽ തടയുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ ഏതെങ്കിലും ഭക്ഷ്യസാധനം പായ്ക്ക് ചെയ്യലും ലേബൽ ചെയ്യലും, അങ്ങനെയുള്ള ഏതെങ്കിലും പാക്കേജിൻേറയോ ലേബലിൻേറയോ രൂപമാതൃകയും നിയന്ത്രിക്കൽ;

(ങ) ഭക്ഷ്യ ഇൻസ്പെക്ററർമാരുടേയും പബ്ലിക്ക് അനലിസ്ററുകളുടേയും യോഗ്യതകളും, അധികാരങ്ങളും, കർത്തവ്യങ്ങളും നിർവ്വചിക്കൽ;

(ങങ) ഭക്ഷ്യസാധനങ്ങളുടേയോ മായം ചേർക്കുന്ന വസ്തുക്കളുടേയോ സാമ്പിളുകൾ, ഈ ആക്ററിൻകീഴിൽ പബ്ലിക് അനലിസ്ററുകളാൽ വിശ്ലേഷണം ചെയ്യപ്പെടാവുന്നത് ഏതു പരീക്ഷണശാലകളിൽ വച്ചാണോ, ആ പരീക്ഷണശാലകൾ നിർവ്വചിക്കൽ;

(ച) ഭക്ഷ്യമായി ഉപയോഗിക്കുമ്പോൾ ആരോഗ്യത്തിന് ക്ഷതികരമാകാവുന്ന ഏതെങ്കിലും പദാർത്ഥത്തിൻെറ വില്പന നിരോധിക്കുകയോ വില്പനയുടെ ഉപാധികൾ നിർവ്വചിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ നിർമ്മാണത്തിൽ ഒരു ഘടകമായുള്ള അതിൻെറ ഉപയോഗം ഏതെങ്കിലും രീതിയിൽ, നിയന്ത്രിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ നിർമ്മാണമോ വില്പനയോ ലൈസൻസുകൾ നല്കിക്കൊണ്ടു ക്രമപ്പെടുത്തുകയോ ചെയ്യൽ;

(ഛ) പൊതുജനാരോഗ്യത്തിൻെറ താത്പര്യത്തിനായി ഏതെങ്കിലും ഭക്ഷ്യസാധനത്തിൻെറ വില്പനയുടെ ഉപാധികളോ വില്പന ലൈസൻസിനുള്ള ഉപാധികളോ നിർവ്വചിക്കൽ;

(ജ) വിശ്ലേഷണത്തിന് വിലയ്ക്ക് വാങ്ങുന്ന ഭക്ഷ്യ സാമ്പിളുകൾ ഉൾക്കൊള്ളിക്കുന്ന പാത്രങ്ങൾ മുദ്രവയ്ക്കുകയോ ബന്ധിക്കുകയോ ചെയ്യേണ്ട രീതി വിനിർദ്ദേശിക്കൽ;

(ജജ) വിശ്ലേഷണ സമ്പ്രദായങ്ങൾ നിർവ്വചിക്കൽ;

(ഝ) ഉപ്പും പഞ്ചസാരയുമല്ലാത്ത ഏതു അനുവദനീയ പരിരക്ഷകങ്ങൾ മാത്രമാണോ പരിരക്ഷിതഫലങ്ങളിലോ പച്ചക്കറികളിലോ, അവയുടെ ഉത്പന്നങ്ങളിലോ മറേറതെങ്കിലും ഭക്ഷ്യസാധനത്തിലോ ഉപയോഗിക്കാൻ പാടുള്ളത്, ആ പരിരക്ഷകങ്ങളുടെ ഒരു ലിസ്ററും ഓരോ പരിരക്ഷകത്തിൻേറയും പരമാവധി അളവുകളും വിനിർദ്ദേശിക്കൽ;

(ഞ) ഏതെങ്കിലും ഭക്ഷ്യസാധനത്തിൽ ഉപയോഗിക്കാവുന്ന നിറം കൊടുക്കുന്ന വസ്തുവും അതിൻെറ പരമാവധി അളവുകളും വിനിർദ്ദേശിക്കൽ;

(ട) ഏതെങ്കിലും ഭക്ഷ്യസാധനത്തേയോ തരം ഭക്ഷ്യസാധനങ്ങളേയോ ഈ ആക്ററിൽനിന്നും, അല്ലെങ്കിൽ അതിൽ ആവശ്യപ്പെട്ടിട്ടുള്ളവയിൽ ഏതിലെങ്കിലും നിന്നും, വിനിർദ്ദേശിക്കപ്പെടുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യൽ;

(ഠ) ഭക്ഷ്യത്തിന് മായം ചേർക്കുന്ന വസ്തുവായി ഉപയോഗിക്കപ്പെടുന്നതാണെന്ന് അറിയപ്പെടുന്ന ഏതെങ്കിലും സാധനത്തിൻെറ നിർമ്മാണമോ പരിവഹണമോ വില്പനയോ നിരോധിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യൽ;

(ഡ) (i) ഏതെങ്കിലും ഭക്ഷ്യസാധനത്തിൽ വെള്ളമോ ഏതെങ്കിലും മററു നേർപ്പിക്കുന്ന വസ്തുവോ മായം ചേർക്കുന്ന വസ്തുവോ ചേർക്കുകയോ;

(ii) ഏതെങ്കിലും ഭക്ഷ്യസാധനത്തിൽ നിന്ന് ഏതെങ്കിലും ഘടകം നീക്കംചെയ്യുകയോ;

(iii) ഏതു ഭക്ഷ്യസാധനത്തിലോ അതിൽ നിന്നോ ആണോ അങ്ങനെ ചേർക്കുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ ഏതു ഭക്ഷ്യസാധനമാണ് മററുവിധത്തിൽ കൃത്രിമമായി പ്രക്രിയയ്ക്ക് വിധേയമാക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ഭക്ഷ്യസാധനം വില്ക്കുകയോ;

(iv) പ്രകൃതത്തിലോ കാഴ്ചയിലോ സദൃശമായ രണ്ടോ അതിലധികമോ ഭക്ഷ്യസാധനങ്ങൾ കൂട്ടിക്കലർത്തുകയോ;

ചെയ്യുന്നത് നിരോധിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യൽ;

(ഢ) ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത ഭക്ഷ്യസാധനങ്ങൾ നശിപ്പിക്കുന്നതിന് വ്യവസ്ഥചെയ്യൽ,

(2) ഈ ആക്ററിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതുസംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവമുണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

24. <u>ചട്ടങ്ങൾ ഉണ്ടാക്കാൻ സ്റേററ് ഗവൺമെൻറിനുള്ള അധികാരം.</u>—(1) സ്റേററ് ഗവൺമെൻറിന്, കമ്മിററിയുമായി ആലോചിച്ചതിനുശേഷവും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, 23-ാം വകുപ്പിൻെറ വ്യാപ്തിക്കുള്ളിൽ പെടാത്ത വിഷയങ്ങളിൽ ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതേയും അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപറയുന്നവയ്ക്ക് വ്യവസ്ഥചെയ്യാവുന്നതാണ്.—

(ക) ഭക്ഷ്യ (ആരോഗ്യ) അധികാരസ്ഥാനത്തിൻേറയും തദ്ദേശാധികാരസ്ഥാനത്തിൻേറയും തദ്ദേശ (ആരോഗ്യ) അധികാരസ്ഥാനത്തിൻേറയും ഈ ആക്ററിൻകീഴിലെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വചിക്കൽ;

(ഖ) ഭക്ഷ്യസാധനങ്ങളുടേയോ ഏതെങ്കിലും വിനിർദ്ദിഷ്ട ഭക്ഷ്യസാധനത്തിൻേറയോ തരം ഭക്ഷ്യസാധനങ്ങളുടേയോ വില്പനയ്ക്കായുള്ള നിർമ്മാണത്തിനും സ്റേറാർ ചെയ്യലിനും വില്പനയ്ക്കും വിതരണത്തിനുമുള്ള ലൈസൻസുകളുടെ ഫാറങ്ങളും, അങ്ങനെയുള്ള ലൈസൻസുകൾക്കുള്ള അപേക്ഷയുടെ ഫാറവും, ഏതു ഉപാധികൾക്കു വിധേയമായാണോ അങ്ങനെയുള്ള ലൈസൻസുകൾ നല്കാവുന്നത്, ആ ഉപാധികളും അത് നല്കാൻ അധികാരപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനത്തേയും, അതിനു കൊടുക്കേണ്ട ഫീസും, ലൈസൻസിൻെറ ഉപാധികൾ നിർവഹിക്കുന്നതിന് ജാമ്യമായി ഏതെങ്കിലും തുക നിക്ഷേപിക്കുന്നതും അങ്ങനെയുള്ള ലൈസൻസുകളോ ജാമ്യമോ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്ന പരിതഃസ്ഥിതികളും നിർണ്ണയിക്കൽ;

(ഗ) ഏതെങ്കിലും ഭക്ഷ്യസാധനം വിശ്ലേഷണം ചെയ്യുന്നതിനോ അല്ലെങ്കിൽ ഈ ആക്ററിൻകീഴിൽ ഫീസ് നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും വിഷയത്തിനോ ഒരു ഫീസ് കൊടുക്കാൻ നിദേശിക്കൽ;

(ഘ) ഈ ആക്ററിൻകീഴിൽ ചുമത്തുന്ന പിഴകരം മുഴുവനുമോ അവയുടെ ഏതെങ്കിലും ഭാഗമോ വസൂലാക്കപ്പെടുന്നതിൻമേൽ, ഒരു തദ്ദേശാധികാരസ്ഥാനത്തിന് കൊടുക്കേണ്ടതാണെന്ന് നിദേശിക്കൽ;

(ങ) ഈ ആക്ററ് സ്റേററ് ഗവൺമെൻറിനോ ഭക്ഷ്യ (ആരോഗ്യ) അധികാരസ്ഥാനത്തിനോ നല്കുന്ന അധികാരങ്ങളും ചുമതലകളും കീഴ് അധികാരസ്ഥാനങ്ങരംക്കോ തദ്ദേശാധികാരസ്ഥാനങ്ങരംക്കോ പ്രത്യായോജനം ചെയ്യാൻ വ്യവസ്ഥചെയ്യൽ.

(3) സ്റേററ് ഗവൺമെൻറുകരം ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും, അവ ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ യഥാക്രമമുള്ള സ്റേററ് നിയമ നിർമ്മാണമണ്ഡലങ്ങളുടെ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

25. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) ഈ ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ്, ഈ ആക്ററ് വ്യാപിക്കുന്ന ഏതെങ്കിലും സ്റേററിൽ, ഈ ആക്ററിന് തൽസ്ഥാനീയമായ ഏതെങ്കിലും നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ, ആ തൽസ്ഥാനീയ നിയമം, അങ്ങനെയുള്ള പ്രാരംഭത്തോടെ റദ്ദായിരിക്കുന്നതാണ്.

(2) ഏതെങ്കിലും തൽസ്ഥാനീയ നിയമം ഈ ആക്ററിനാൽ റദ്ദാക്കപ്പെട്ടിട്ടുണ്ടെന്നിരുന്നാലും, ഭക്ഷ്യസാധനത്തിൽ മായം ചേർക്കൽ തടയുന്നതു സംബന്ധിച്ച്, അങ്ങനെയുള്ള തൽസ്ഥാനീയ നിയമത്തിൻകീഴിൽ ഉണ്ടാക്കിയതും ഈ ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്നതുമായ എല്ലാ ചട്ടങ്ങളും റഗുലേഷനുകളും ബൈലാകളും, അവ ഈ ആക്ററിലെ വ്യവസ്ഥകളോട് അസംഗതമോ അവയ്ക്ക് വിരുദ്ധമോ ആയിട്ടുള്ളിടത്തും, ആയിട്ടുള്ളിടത്തോളവും ഒഴികെ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ വ്യത്യാസപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ, പ്രാബല്യത്തിൽ തുടരുന്നതാകുന്നു.

(3) (ക) ഈ ആക്ററിൻെറ പ്രാരംഭത്തെക്കുറിച്ചുള്ള ഈ വകുപ്പിലെ പരാമർശങ്ങരംക്ക്, ഭക്ഷ്യത്തിൽ മായം ചേർക്കൽ (ഭേദഗതി) ആക്ററ്, 1971-ൻെറ പ്രാരംഭമായി അർത്ഥം കല്പിക്കപ്പെടുന്നതാകുന്നു.

(ഖ) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം സാമാന്യ ഖണ്ഡങ്ങരം ആക്ററ്, 1897 (1897-ലെ 10)-ലെ 6-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകരംക്ക് ഭംഗം വരാത്തവിധമായിരിക്കുന്നതാണെന്നും, രണ്ടാമതു പറഞ്ഞ വ്യവസ്ഥകളും ജമ്മു-കാശ്മീർ സ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമത്തിൻെറ റദ്ദാക്കലിന്, അങ്ങനെയുള്ള തൽസ്ഥാനീയ നിയമം, ഒരു അധിനിയമമായിരുന്നാലെന്നപോലെ ബാധകമായിരിക്കുന്നതാണെന്നും, സംശയങ്ങരം ഒഴിവാക്കാനായി, ഇതിനാൽ പ്രഖ്യാപിക്കുന്നു.

---